സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2024 ഏപ്രിൽ 01 തിങ്കൾ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

'പത്ത് എം.എൽ.എമാരെ ബി.ജെ.പിയിൽ എത്തിക്കാൻ 25 കോടി വാഗ്ദാനം ലഭിച്ചു'; എ.എ.പി എം.എൽ.എ

ന്യൂഡൽഹി: ഡൽഹിയിൽ ഓപ്പറേഷൻ താമര ആരോപണവുമായി ആം ആദ്മി പാർട്ടി. ബിജെപിയിൽ ചേർന്നില്ലെങ്കിൽ ഇ.ഡി അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയതായി ഡൽഹി മന്ത്രി അതിഷി ആരോപിച്ചു. പത്ത് എം.എൽ.എ.മാരെ ബിജെപിയിൽ എത്തിക്കുവാൻ 25 കോടി വാഗ്ദാനം ലഭിച്ചതായി ആപ് എംഎൽഎ ഋതുരാജ് ത്സാ പറഞ്ഞു. തെരഞ്ഞെടുപ്പിൽ ജനങ്ങൾ ബിജെപിക്ക് മറുപടി നൽകുമെന്നും നേതാക്കൾ പ്രതികരിച്ചു.

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ ജയിലിൽ അടച്ചതിനു പിന്നാലെ സർക്കാരിനെ അട്ടിമറിക്കാൻ ബിജെപി ശ്രമിക്കുന്നു എന്നാണ് ആം ആദ്മി പാർട്ടി ആരോപണം. ബിജെപിയിൽ ചേരാൻ തന്റെ അടുത്ത സുഹൃത്ത് വഴി ബിജെപി നീക്കം നടത്തിയെന്നും ചേർന്നില്ലെങ്കിൽ ഒരു മാസത്തിനുള്ളിൽ ഇ ഡി അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയതായും ഡൽഹി മന്ത്രി അതിഷി വെളിപ്പെടുത്തി.

രാജ്യത്ത് പുടിൻ മോഡൽ ഭരണം നടത്താനാണ് ബിജെപി ശ്രമിക്കുന്നത് എന്ന് ഡൽഹി മന്ത്രി സൗരഭ് ഭരദ്വാജ് ആരോപിച്ചു. അതിനിടെ ഡൽഹിയിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തണമെന്ന ആവശ്യം ബിജെപി ശക്തമാക്കുകയാണ്. രാഷ്ട്രപതി ഭരണത്തിലൂടെ പിൻവാതിൽ ഭരണത്തിനാണ് ശ്രമമെന്നാണ് എ.എ.പിയുടെ മറുപടി.

ഇറാൻ കോൺസുലേറ്റിനു നേരെ ഇസ്രായേൽ ആക്രമണം; സിറിയയിൽ 7 പേർ കൊല്ലപ്പെട്ടു

ദുബൈ: സിറിയൻ തലസ്ഥാനമായ ഡമസ്കസിലെ ഇറാൻ കോൺസുലേറ്റിനു നേരെ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ മൂന്ന് സൈനികർ ഉൾപ്പടെ 7 പേർ കൊല്ലപ്പെട്ടു. ഗസ്സയിലെ തോൽവിക്ക് ഇസ്രായേൽ നടത്തുന്ന ഇത്തരം പ്രതികരണങ്ങൾക്ക് കനത്ത വില നൽകേണ്ടിവരുമെന്ന് ഇറാൻ ആക്രമണത്തെ അപലപിച്ച് വിവിധ രാജ്യങ്ങൾ പറഞ്ഞു.

ഇസ്രായേൽ പോർവിമാനത്തിൽ നിന്നയച്ച മിസൈലുകൾ പതിച്ചാണ് ഡമസ്കസ് കോൺസുലേറ്റിൽ 7 പേർ കൊല്ലപ്പെട്ടത്. സ്വതന്ത്ര കേന്ദ്രത്തിനു നേരെ നടന്ന ആക്രമണത്തിന് ശക്തമായ തിരിച്ചടി ഉണ്ടാകുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി. ഗസ്സ യുദ്ധം വ്യാപിപ്പിക്കാനുള്ള ഇസ്രായേലിന്റെ ആസൂത്രിത നീക്കത്തിന്റെ തുടർച്ചയാണ് കോൺസുലേറ്റ് ആക്രമണമെന്നും ഇറാൻ കുറ്റപ്പെടുത്തി.

ഇസ്രായേലിൽ അൽ ജസീറ ചാനലിന് വിലക്കേർപ്പെടുത്താനുള്ള കരട് നിയമം ഇസ്രായേൽ പാർലമെന്റ് പാസാക്കി. സൈന്യം പിൻവാങ്ങിയ ഗസ്സയിലെ അൽശിഫ ആശുപത്രിയിൽ അവശേഷിച്ചത് ഹൃദയഭേദകമായ കാഴ്ചകളാണ്. നെതന്യാഹുവിന്റെ രാജിക്കായി ഇസ്രായേലിൽ പ്രക്ഷോഭം ശക്തമായി കൊണ്ടിരിക്കുകയാണ്.

ഡമസ്കസ് ആക്രമണത്തെ അംഗീകരിക്കാൻ കഴിയില്ലെന്ന് അമേരിക്ക പ്രതികരിച്ചു. യു.എഇ ഉൾപ്പെടെ നിരവധി അറബ് രാജ്യങ്ങളും ആക്രമണത്തെ അപലപിച്ചു. ഖത്തർ ആസ്ഥാനമായ അൽ ജസീറ ചാനലിനെ ഇസ്രായേലിൽ നിന്ന് പുറത്തുള്ളതെന്ന് പ്രധാനമന്ത്രി നെതന്യാഹു പ്രഖ്യാപിച്ചു. അൽ ജസീറക്ക് ഇസ്രായേലിൽ പ്രവർത്തനാനുമതി വലക്കണമെന്നാവശ്യപ്പെടുന്ന കരടുബിൽ പാർലമെന്റ് പാസാക്കി. ഹമാസിന്റെ ആയുധമായി അൽജസീറ മാറിയെന്നാണ് ഇസ്രായേലിന്റെ കുറ്റപ്പെടുത്തൽ. സത്യം മറച്ചുവെക്കാനുള്ള ഇത്തരം നീക്കങ്ങൾ പ്രതിഷേധാർഹമാണെന്ന് മനുഷ്യാവകാശ മാധ്യമ സംഘടനകൾ കുറ്റപ്പെടുത്തി.

ഗസ്സയിലെ ഏറ്റവും വലിയ ആശുപത്രി സമുച്ചയമായ അൽശിഫയും പരിസരത്തെ കെട്ടിടങ്ങളും തകർത്തു തരിപ്പണമാക്കിയാണ് ഇസ്രായേൽ സേനയുടെ പിന്മാറ്റം. രണ്ടാഴ്ച നീണ്ട സൈനിക ക്രൂര അവസാനിപ്പിച്ചാണ് സൈനിക പിൻമാറ്റം എന്നു തെളിയിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. വീഡിയോ ദൃശ്യങ്ങൾ ശരിയാണെങ്കിൽ ഏറെ അസ്വസ്ഥജനകമാണെന്ന് വൈറ്റ് ഹൗസ് പ്രതികരിച്ചു. ആശുപത്രിയിൽ നൂറുകണക്കിന് രോഗികളും മറ്റുമാണ് കൊല്ലപ്പെട്ടത്.

സംഭവത്തിൽ അന്താരാഷ്ട്ര ക്രിമിനൽ കോടതി ഇസ്രായേലിനെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് ഹമാസ് ആവശ്യപ്പെട്ടു. ഇസ്രായേൽ ആക്രമണങ്ങളിൽ 24 മണിക്കൂറിനിടെ 63 പേർ കൊല്ലപ്പെട്ടു. ഇതോടെ ഗസ്സയിലെ മരണസംഖ്യ 32,845 ആയി.

അതിനിടെ, ഹമാസിനെതിരായ പോരാട്ടത്തിൽ ഇതുവരെ 600 ഇസ്രായേൽ സൈനികർ കൊല്ലപ്പെട്ടതാണ് ഔദ്യോഗിക സ്ഥിതിവിവരം.

ടി. ശരത് ചന്ദ്രപ്രസാദ് കോൺഗ്രസ് പ്രാഥമിക അംഗത്വത്തിൽനിന്ന് രാജിവെച്ചു

തിരുവനന്തപുരം: കെ.പി.സി.സി എക്സിക്യൂട്ടീവ് അംഗം ടി. ശരത് ചന്ദ്രപ്രസാദ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്ന് രാജിവെച്ചു. തെരഞ്ഞെടുപ്പ് ചുമതലകൾ ലഭിക്കാത്തതിൽ പ്രതിഷേധിച്ചാണ് രാജിയെന്നാണ് സൂചന. 20 പാർലമെന്റ് മണ്ഡലങ്ങളുടെയും ചുമതല കെ.പി.സി.സി ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും വീതിച്ചുനൽകിയിരുന്നു. എന്നാൽ ശരത് ചന്ദ്രപ്രസാദിന് ഒരു മണ്ഡലത്തിന്റെയും ചുമതല ലഭിച്ചിരുന്നില്ല.

രാജിപ്രഖ്യാപനം സമ്മർദ്ദ തന്ത്രമാണെന്നാണ് വിലയിരുത്തപ്പെടുന്നത്. കെ.പി.സി.സി നേതൃത്വത്തിന് രാജി നൽകുന്നതിന് പകരം തെരഞ്ഞെടുപ്പ് പ്രചാരണ സമിതി അധ്യക്ഷൻ രമേശ് ചെന്നിത്തലക്കാണ് ശരത് ചന്ദ്രപ്രസാദ് രാജിക്കത്ത് നൽകിയത്. കെ.പി.സി.സി നേതൃത്വം ശരത് ചന്ദ്രപ്രസാദുമായി ചർച്ച നടത്തുന്നുണ്ട്.

ശരത് ചന്ദ്രപ്രസാദ് ബി.ജെ.പിയിൽ പോകുമെന്ന് നേരത്തെ അഭ്യൂഹങ്ങളുണ്ടായിരുന്നെങ്കിലും അതെല്ലാം അദ്ദേഹം നിഷേധിച്ചിരുന്നു. നിലവിൽ അത്തരം ചർച്ചകളൊന്നും നടക്കുന്നില്ലെന്നാണ് വിവരം.

സ്ത്രീധനം നൽകിയില്ല; ഭർത്താവും കുടുംബവും ചേർന്ന് സ്ത്രീയെ തല്ലിക്കൊന്നു

ഗ്രേറ്റർ നോയിഡ: സ്ത്രീധനം നൽകാത്തതിന്റെ പേരിൽ ഗ്രേറ്റർ നോയിഡയിൽ ഭർത്താവും കുടുംബവും ചേർന്ന് സ്ത്രീയെ തല്ലിക്കൊന്നു. ടൊയോട്ട ഫോർച്യൂണറും 21 ലക്ഷം രൂപയുമാണ് സ്ത്രീധനമായി ചോദിച്ചിരുന്നത്. എന്നാൽ അത് നൽകാത്തതിനെ തുടർന്നാണ് സ്ത്രീയെ കൊലപ്പെടുത്തിയതെന്ന് പൊലീസ് പറഞ്ഞു.

ഭർത്താവ് വികാസും മാതാപിതാക്കളും സഹോദരങ്ങളും ചേർന്ന് മർദിച്ചതായി കരിഷ്മ വിളിച്ച് അറിയിച്ചതായി കരിഷ്മയുടെ സഹോദരൻ ദീപക് പൊലീസിന് നൽകിയ പരാതിയിൽ ആരോപിച്ചു. ഇതേ തുടർന്ന് വീട്ടിലെത്തിയപ്പോഴാണ് കരിഷ്മയെ മരിച്ച നിലയിൽ കണ്ടെത്തിയത്.2022 ഡിസംബറിലാണ് വികാസിനെ കരിഷ്മ വിവാഹം കഴിക്കുന്നത്. ഗ്രേറ്റർ നോയിഡയിലെ ഇക്കോടെക്-3-ലെ ഖേദ ചൗഗൻപൂർ ഗ്രാമത്തിൽ വികാസിന്റെ കുടുംബത്തോടൊപ്പമാണ് ദമ്പതികൾ താമസിച്ചിരുന്നത്. വിവാഹസമയത്ത് വരന്റെ കുടുംബത്തിന് 11 ലക്ഷം രൂപയുടെ സ്വർണവും ഒരു എസ്.യു.വിയും കരിഷ്മയുടെ വീട്ടുകാർ നൽകിയതായി ദീപക്



പറഞ്ഞു. എന്നാൽ വികാസിന്റെ കുടുംബം വർഷങ്ങളായി കൂടുതൽ സ്ത്രീധനം ആവശ്യപ്പെടുകയായിരുന്നു. ശാരീരികമായും മാനസികമായും ഇവർ കരിഷ്മയെ പീഡിപ്പിച്ചതായും ദീപക് വ്യക്തമാക്കി.

'അവൾ ഒരു പെൺകുഞ്ഞിന് ജന്മം നൽകിയതിന് ശേഷം പീഡനം കൂടി. വികാസിന്റെ ഗ്രാമത്തിലെ നിരവധി പഞ്ചായത്ത് മീറ്റിംഗുകളിലൂടെ രണ്ട് കുടുംബങ്ങളും തങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു' ദീപക് പറഞ്ഞു. തുടർന്ന് കരിഷ്മയുടെ കുടുംബം 10 ലക്ഷം രൂപ കൂടി കുടുംബത്തിന് നൽകിയെങ്കിലും പീഡനം അവസാനിച്ചില്ലെന്ന് ദീപക് ആരോപിച്ചു.

വികാസിന്റെ കുടുംബം അടുത്തിടെയാണ് ഫോർച്യൂണർ കാറിനും 21 ലക്ഷം രൂപയ്ക്കും ആവശ്യം ഉന്നയിച്ചത്.

വികാസ്, പിതാവ് സോംപാൽ ഭാട്ടി, അമ്മ രാകേഷ്, സഹോദരി റിങ്കി, സഹോദരങ്ങളായ സുനിൽ, അനിൽ എന്നിവർക്കെതിരെ സ്ത്രീധന പീഡനത്തിനും കൊലക്കുറ്റത്തിനും കേസെടുത്തു. സംഭവത്തിൽ വികാസിനെയും പിതാവിനെയും അറസ്റ്റ് ചെയ്തു. കേസിലെ മറ്റ് പ്രതികൾക്കായി പൊലീസ് തെരച്ചിൽ നടത്തുകയാണ്.

പതഞ്ജലി കേസിൽ കോടതിയിൽ മാപ്പപേക്ഷിച്ച് ബാബാ രാംദേവ്, ഹൃദയത്തിൽ നിന്നുള്ള മാപ്പല്ലെന്ന് കോടതി

ദില്ലി: പതഞ്ജലി പരസ്യ വിവാദ കേസിൽ യോഗ ആചാര്യൻ ബാബാ രാംദേവിനും പതഞ്ജലി എംഡി ആചാര്യ ബാൽ കൃഷ്ണയ്ക്കും സുപ്രീംകോടതിയുടെ ശകാരം. കോടതി വിധി മാനിക്കാതിരുന്നതിനെ തുടർന്ന് ഇവരുവർക്കുമെതിരായ കോടതിയലക്ഷ്യ കേസ് പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി. കോടതി ഉത്തരവ് പ്രകാരമുള്ള മറുപടികൾ സമർപ്പിച്ചില്ലെന്നും ഉന്നത നീതിപീഠത്തിൻറെ ഉത്തരവുകളെ ലഘുവായി എടുക്കരുതെന്നും കോടതി വ്യക്തമാക്കി.

തെറ്റിദ്ധാരണ ജനിപ്പിക്കുംവിധത്തിൽ പരസ്യം നൽകിയെന്നാണ് പതഞ്ജലിക്കെതിരായ കേസ്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനാണ് പരാതി ഉന്നയിച്ചത്. അലോപ്പതി അടക്കമുള്ള ആരോഗ്യ ശാഖകളെ കളിയാക്കുന്നുവെന്നും തെറ്റിദ്ധരിപ്പിച്ച് ഉൽപ്പന്നങ്ങൾ വിൽക്കുന്നുവെന്നുമായിരുന്നു പരാതി. പരസ്യങ്ങൾ നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതി നോട്ടീസ് നൽകിയെങ്കിലും ഇവരാരും പ്രതികരിച്ചില്ല. പിന്നീട് കോടതിയലക്ഷ്യ നടപടിയുമായി സുപ്രീം കോടതി മുന്നോട്ട് പോവുകയായിരുന്നു.

അതേസമയം കോടതിയിൽ വീണ്ടും മാപ്പപേക്ഷിച്ച ബാബാ രാംദേവ് തനിക്ക് പിഴവ് സംഭവിച്ചെന്നും ക്ഷമിക്കണമെന്നുമായിരുന്നു അപേക്ഷ. എന്നാൽ ഈ ക്ഷമ ചോദിക്കൽ ഹൃദയത്തിൽ നിന്നുള്ളതല്ലെന്ന് കോടതി വിമർശിച്ചു. കടുത്ത ഭാഷയിലാണ് ബാബാം രാംദേവിനെ കോടതി വിമർശിച്ചത്.

നേരത്തെ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ഇരുവരും നിരുപാധികം മാപ്പ് അപേക്ഷിച്ചിരുന്നു. അവകാശവാദങ്ങൾ അശ്രദ്ധമായി ഉൾപ്പെട്ടതാണെന്നും തെറ്റായ പരസ്യങ്ങൾ നൽകിയതിൽ ഖേദിക്കുന്നുവെന്നുമായിരുന്നു പതഞ്ജലി സത്യവാങ്മൂലത്തിൽ പറഞ്ഞിരുന്നത് . കോടതി ഉത്തരവിനെ കുറിച്ച് പരസ്യ വിഭാഗത്തിന് അറിയില്ലായിരുന്നുവെന്ന് വാദമുയർത്തിയിരുന്നു.

ഒരു പാരഗ്രാഫിലാണോ കോടതിക്ക് മറുപടി നൽകേണ്ടത് എന്നും, അങ്ങനെ തോന്നിയെങ്കിൽ ക്ഷമ പറയാം എന്നത് എന്ത് പ്രയോഗമാണ്, കോടതിയിൽ ഉറപ്പ് നൽകിയിട്ട് മാധ്യമങ്ങൾക്ക് മുന്നിൽ പ്രസ്താവന നടത്തി, എല്ലാ തലവും ലംഘിച്ചു, കേന്ദ്രം ഇത്രയും കാലം കണ്ണടച്ചത് എന്തു കൊണ്ടെന്ന് മനസിലാകുന്നില്ലെന്നും കോടതി പറഞ്ഞു.

വീണ്ടും മറുപടി നൽകാമെന്നും നേരിട്ട് മാപ്പ് പറയാമെന്നുമെല്ലാം ബാബാ രാംദേവ് പറഞ്ഞെങ്കിലും രാംദേവിനെ പഠിപ്പിക്കാനില്ലെന്നും അടുത്ത തവണ കേസ് കേൾക്കുമ്പോൾ രണ്ടുപേരും വേണമെന്നില്ലെന്നും രോഷത്തോടെ കോടതി അറിയിച്ചു.

കേസ് ഏപ്രിൽ 10ന് വീണ്ടും പരിഗണിക്കും. അതിന് മുമ്പ് എല്ലാ മറുപടികളും സമർപ്പിക്കാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 10ന് ഇരുവരും കോടതിയിൽ ഹാജരാകണം.

ഉത്തരാഖണ്ഡ് സർക്കാരിനെയും കേസിൽ കക്ഷിയാക്കാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. നിയമവാഴ്ച പാലിക്കുകയും ഭരണഘടന ഉയർത്തി പിടിക്കുകയും വേണമെന്നും കോടതി.

രാജസ്ഥാനിൽ സി.എ.എ സാക്ഷ്യപത്രം വിതരണം ചെയ്ത് ആർ.എസ്.എസ് എൻ.ജി.ഒ

ജയ്പ്പൂർ: പൗരത്വ ഭേദഗതി നിയമത്തിൽ(സി.എ.എ) അപേക്ഷകർക്ക് സാക്ഷ്യപത്രം വിതരണം ചെയ്ത് ആർ.എസ്.എസ് എൻ.ജി.ഒ. രാജസ്ഥാനിലാണ് ഇന്ത്യൻ പൗരത്വത്തിന് അപേക്ഷിക്കുന്ന പാകിസ്താനിൽനിന്ന് ഉൾപ്പെടെ എത്തിയ ഹിന്ദുക്കൾക്ക് സംഘ്പരിവാർ പ്രാദേശിക സംഘടന സീമാജൻ കല്യാൺ സമിതി സർട്ടിഫിക്കറ്റുകൾ നൽകുന്നത്. പൂജാരിമാർക്ക് മതം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ നൽകാമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയതിനു പിന്നാലെയാണു പുതിയ റിപ്പോർട്ട്.

ദേശീയ മാധ്യമമായ 'ദ ഹിന്ദു' ആണ് റിപ്പോർട്ട് പുറത്തുവിട്ടത്. രാജസ്ഥാനിലെ പാകിസ്താൻ അതിർത്തിപ്രദേശങ്ങളായ ജൈസാൽമീർ, ബാർമർ, ജോധ്പൂർ എന്നിവിടങ്ങളിലാണ് സംഘടനയുടെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്ക് നടക്കുന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആരംഭിച്ച സി.എ.എ പോർട്ടൽ വഴി 330ഓളം പേരുടെ അപേക്ഷ സമർപ്പിച്ചെന്ന് സീമാജൻ കല്യാൺ സമിതി നേതാക്കൾ പ്രതികരിച്ചു.

പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ പ്രാദേശികമായി അംഗീകരിക്കപ്പെടുന്ന ഒരു സമുദായ സംഘടന സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റും അപ്ലോഡ് ചെയ്യണമെന്നു പറയുന്നുണ്ട്. സത്യവാങ്മൂലം, മറ്റു രേഖകൾ എന്നിവയ്ക്കാപ്പമാണ് ഇതും സമർപ്പിക്കേണ്ടത്. ഈ സാക്ഷ്യപത്രമാണ് രാജസ്ഥാനിലെ ആർ.എസ്.എസ് പോഷക സംഘം നൽകുന്നത്. സംഘടന രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതുകൊണ്ട് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരമുണ്ടെന്നുമാണ് അഭിഭാഷകനും സമിതി അംഗം കൂടിയായ വിക്രം സിങ് രജ്പുരോഹിത് പ്രതികരിച്ചത്. തങ്ങൾ ഒരു സമുദായ സംഘടനയാണ്. അതുകൊണ്ടാണ് സംഘടനാ ഭാരവാഹികളിലൊരാളായ ത്രിഭുവൻ സിങ് റാത്തോഡ് സാക്ഷ്യപത്രം നൽകുന്നതെന്നും ഇദ്ദേഹം പറഞ്ഞു.

സൗജന്യ പൗരത്വ അപേക്ഷാ ക്യാംപ് എന്ന പേരിലാണ് വിവിധ സ്ഥലങ്ങളിലായി ഹെൽപ്പ് ഡെസ്ക് നടക്കുന്നത്. ഇതിന്റെ ദൃശ്യങ്ങൾ ഇവരുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകളിലൂടെ പുറത്തുവിടുകയും ചെയ്തിട്ടുണ്ട്. 2010നുശേഷം ഇന്ത്യയിലേക്ക് നുഴുകണക്കിനുപേർ എത്തിയിട്ടുണ്ടെന്നും ഇവർക്കെന്നും പൗരത്വം ലഭിച്ചിട്ടില്ലെന്നും വികം സിങ് രജ്പുരോഹിത് പറഞ്ഞു. ജോധ്പൂരിൽ മാത്രം ഇത്തരത്തിൽ 5,000-6,000ത്തോളം പേരുണ്ടെന്നും ഇദ്ദേഹം അവകാശപ്പെട്ടു.

രാജസ്ഥാനിൽ ജോധ്പൂർ, ജൈസാൽമീർ, ബികാനർ, ജയ്പ്പൂർ എന്നിവിങ്ങളിലായി 400ഓളം പാകിസ്താനി ഹിന്ദു അഭയാർഥി കുടിയേറ്റ കേന്ദ്രങ്ങളുണ്ടെന്ന് ദ ഹിന്ദു റിപ്പോർട്ട് ചെയ്യുന്നു. ഇവരെല്ലാം ഇന്ത്യൻ പൗരത്വത്തിന് അപേക്ഷിച്ചു. കാത്തിരിക്കുകയാണ്.

2002ൽ രൂപീകൃതമായ ആർ.എസ്.എസ് അനുബന്ധ എൻ.ജി.ഒ ആണ് സീമാജൻ കല്യാൺ സമിതി. പാകിസ്താൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്താൻ എന്നിവിങ്ങളിൽനിന്ന് എത്തുന്ന ഹിന്ദുക്കൾക്ക് ഇന്ത്യൻ പൗരത്വം നേടിക്കൊടുക്കാൻ വേണ്ട സഹായങ്ങൾ നൽകാനാണു സംഘടന രൂപീകരിച്ചത്. രാജ്യത്തെ അതിർത്തി പ്രദേശങ്ങളിൽ ക്ഷീയുന്നവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുകയും സംഘടനയുടെ സ്ഥാപിത ലക്ഷ്യമായി പറയുന്നുണ്ട്.

അതേസമയം, ആർ.എസ്.എസ് സംഘടനയ്ക്ക് സാക്ഷ്യപത്രം നൽകാനുള്ള അധികാരം കൈമാറിയതിൽ വിമർശനവുമായി പ്രതിപക്ഷ സംഘടനകൾ രംഗത്തെത്തിയിട്ടുണ്ട്. സി.എ.എ പ്രകാരം ഇപ്പോൾ ആർ.എസ്.എസ്സും ബി.ജെ.പിയുമാണ് ആരെക്കെയാണ് ഹിന്ദുവെന്നും ഇന്ത്യൻ പൗരനാകാൻ യോഗ്യതെന്നും തീരുമാനിക്കുന്നതെന്ന് തൃണമൂൽ കോൺഗ്രസ് എം.പി സാകേത് ഗോഖലെ വിമർശിച്ചു. ഇതു ഞെട്ടിപ്പിക്കുന്നതാണ്. സി.എ.എ വിജ്ഞാപനം ഇങ്ങുകയും നടപ്പാക്കുകയും ചെയ്തതിനുശേഷം ഓരോ ദിവസവും ദുരൂഹമായ വെളിപ്പെടുത്തലുകളാണു വരുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രാദേശിക പൂജാരിമാരോ പുരോഹിതന്മാരോ നൽകുന്ന സർട്ടിഫിക്കറ്റ് മതത്തിനു തെളിവായി ഉപയോഗിക്കാമെന്ന് നേരത്തെ മോദി സർക്കാർ പറഞ്ഞിരുന്നുവെന്നും സാകേത് ചൂണ്ടിക്കാട്ടി. ഇന്ത്യൻ പൗരത്വത്തിനായി അപേക്ഷിക്കുന്നവർക്ക് രാജസ്ഥാനിൽ ആർ.എസ്.എസ് യോഗ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നുവെന്ന വാർത്തയാണ് ഇപ്പോൾ പുറത്തുവരുന്നത്. ഒരാൾ ഹിന്ദുവാണെന്നോ ഇന്ത്യൻ പൗരത്വത്തിന് അർഹനാണെന്നോ തീരുമാനിക്കാനുള്ള അധികാരമുള്ള അംഗീകൃത സംഘടനയായി പതുക്കെ ആർ.എസ്.എസ് മാറുമെന്നാണ് ഈ പുതിയ പ്രവണത കാണിക്കുന്നത്. സി.എ.എയ്ക്കു പിന്നാലെ എൻ.ആർ.സിയും വരുമെന്ന് 2019ൽ അമിത് ഷാ പ്രഖ്യാപിച്ച കാലക്രമം പരിഗണിക്കുമ്പോൾ ഇത് അപകടകരമാണെന്നും തൃണമൂൽ നേതാവ് കൂട്ടിച്ചേർത്തു.

ബെംഗളൂരുവിൽ കാറിൽ സഞ്ചരിച്ച യുവതിക്ക് നേരെ ആക്രമണം

ബെംഗളൂരു: ബെംഗളൂരുവിൽ കാറിൽ സഞ്ചരിച്ച യുവതിക്ക് നേരെ ആക്രമണം. സ്കൂട്ടറിൽ സഞ്ചരിച്ച മൂന്ന് യുവാക്കൾ യുവതിയുടെ വാഹനത്തെ പിന്തുടരുകയായിരുന്നു. യുവാക്കളുടെ വീഡിയോ ഫോണിൽ പകർത്തി യുവതി പൊലീസിനെ അറിയിച്ചു. വീഡിയോ സമൂഹമാധ്യമങ്ങളിലടക്കം വൈറലായി. സംഭവത്തിൽ പൊലീസ് 3 പേരെ അറസ്റ്റ് ചെയ്തു.

മഡിവാള-കോറമംഗല റോഡിലാണ് സംഭവം നടന്നത്. സ്കൂട്ടറിലുള്ള ആളുകൾ തന്നെ പിന്തുടരുകയാണെന്നും അവർ തന്റെ വാഹനത്തിൽ ഇടിക്കുന്നുണ്ടെന്നും യുവതി പൊലീസിനോട് പറയുന്നതായി വീഡിയോയിൽ കേൾക്കാം.

യുവതി വാഹനത്തിന്റെ ലൊക്കേഷൻ പൊലീസിന് നൽകുന്നതും സഹായത്തിനായി നിലവിളിക്കുന്നതും വീഡിയോയിൽ ഉണ്ട്.

അക്രമികൾ പിന്തുടരുന്നതിനിടയിൽ യുവതി വലത്തേക്കുള്ള ഇൻഡിക്കേറ്റർ ഓൺ ചെയ്ത ശേഷം കാർ ഇടത്തേക്ക് തിരിച്ച് അക്രമികളെ പ്രകോപിപ്പിച്ചെന്നാണ് പൊലീസ് റിപ്പോർട്ട്. കാറിനെ മറികടന്നെത്തിയ അക്രമികൾ കാറിന്റെ മുൻവശത്തെ വാതിൽ തുറക്കാൻ ശ്രമിച്ചു. മൂന്ന് പേർ തന്റെ കാറിന്റെ പിന്നിൽ ഇടിക്കുകയും തന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തതായി യുവതി പറഞ്ഞു.

മഡിവാള അണ്ടർപാസിൽ നിന്ന് കോറമംഗല അഞ്ചാം ബ്ലോക്ക് വരെ അക്രമികൾ കാറിനെ പിൻതുടർന്നിരുന്നെന്ന് എഫ്.ഐ.ആറിൽ പറയുന്നു.

കച്ചത്തീവ് ബൂമറാങ്ങായി തിരിച്ചടിക്കും: മുന്നറിയിപ്പുമായി വിദേശകാര്യ വിഗദ്ധർ

ദില്ലി: തമിഴ്നാട്ടിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ മുന്നേറ്റം ലക്ഷ്യമിട്ട് കച്ചത്തീവ് ദ്വീപ് വിഷയം ഉന്നയിക്കുന്നതിനെതിരെ മുൻ വിദേശകാര്യ സെക്രട്ടറിമാർ. കച്ചത്തീവ് വിഷയം രാഷ്ട്രീയ പ്രചാരണ വിഷയമാക്കിയാൽ സെൽഫ് ഗോളാകുമെന്ന് ശിവശങ്കർ മേനോനും ശ്രീലങ്കയുമായുള്ള ബന്ധത്തെ ബാധിക്കുമെന്ന് നിരുപമ റാവുവും മുന്നറിയിപ്പ് നൽകി. രാജ്യത്തിൻറെ വിശ്വാസ്യത ഇടിക്കുന്ന നടപടിയെന്നും ഇവർ പറയുന്നു. കേന്ദ്രത്തിൽ സർക്കാരുകൾ മാറുന്നതിനു അനുസരിച്ചുള്ള നിലപാടുമാറ്റം നല്ലതല്ലെന്ന് മുൻ ഐക്കമ്മീഷണർ അശോക് കാന്തയും അഭിപ്രായപ്പെട്ടു.

കച്ചത്തീവ് വിഷയത്തിൽ കോൺഗ്രസിനെയും ഡിഎംകെയെയും കടന്നാക്രമിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ നേരിട്ടാണ് പ്രചാരണം തുടങ്ങിയത്. തമിഴ്നാട്ടിൽ ശക്തമായ രാഷ്ട്രീയ മുന്നേറ്റം ലക്ഷ്യമിട്ടാണ് ബിജെപിയുടെ നീക്കം. 1974ൽ കച്ചത്തീവ് ദ്വീപിൽ ശ്രീലങ്കയുടെ അവകാശം അംഗീകരിക്കാൻ പോകുന്നതായി തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന എം.കരുണാനിധിയെ വിദേശകാര്യ സെക്രട്ടറി അറിയിച്ചെന്ന റിപ്പോർട്ടാണ് നരേന്ദ്ര മോദിയും ബിജെപിയും ഇന്ന് ആയുധമാക്കിയത്. ഡിഎംകെയുടെ ഇരട്ടത്താപ്പ് പുറത്തുവന്നെന്നും മോദി കുറ്റപ്പെടുത്തിയിരുന്നു. കച്ചത്തീവ് ശ്രീലങ്കയ്ക്ക് കൈമാറിയതായി പറയാനാകില്ലെന്ന് 2015ൽ വിദേശകാര്യ സെക്രട്ടറിയായിരിക്കെ എസ് ജയശങ്കർ നൽകിയ മറുപടിയാണ് കോൺഗ്രസ് ആയുധമാക്കിയത്.

എന്താണ് കച്ചത്തീവ് പ്രശ്നം ?

പാക് കടലിടുക്കിൽ രാമേശ്വരത്ത് നിന്ന് 14 നോട്ടിക്കൽ മൈൽ അകലെ 285 ഏക്കറിലുള്ള ആൾതാമസമില്ലാത്ത ചെറുദ്വീപാണ് കച്ചത്തീവ് രാമനാഥപുരം രാജകുടുംബത്തിന്റെ നിയന്ത്രണത്തിലായിരുന്ന ദ്വീപിൽ, 1921ൽ ഇന്ത്യയെ പോലെ ബ്രിട്ടീഷ് ഭരണത്

തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ചും എയിംസും ചർച്ചയാക്കി എൽ.ഡി.എഫ്

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ചും എയിംസും ചർച്ചയാക്കി എൽ.ഡി.എഫ്. സിറ്റിങ് എം.പി ശശി തരൂർ കാര്യക്ഷമമായി ഇടപെടാത്തതുകൊണ്ടാണ് ഈ പദ്ധതികൾ വരാത്തതെന്ന് കുറ്റപ്പെടുത്തുന്ന ഇടതു മുന്നണി, കേന്ദ്ര സർക്കാർ എയിംസ് അടക്കമുള്ളവയോട് മുഖംതിരിക്കുന്നുവെന്നു കുറ്റപ്പെടുത്തലും നടത്തുന്നുണ്ട്.2009ൽ ആദ്യം മത്സരിക്കാൻ എത്തിയപ്പോൾ തരൂരിൻറെ ഏറ്റവും പ്രധാനപ്പെട്ട വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച്. യു.പി.എ അധികാരത്തിലിരുന്ന സമയത്ത് പോലും ഹൈക്കോടതി ബെഞ്ചിന് അനുകൂലമായ നിലപാട് ഉണ്ടായിട്ടില്ല. സിറ്റിങ് എം.പിയായ ശശി തരൂർ ഇതിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തിയിട്ടില്ലെന്നും ഇടതു മുന്നണി പ്രചാരണം നടത്തുന്നുണ്ട്.തരൂരിന്റെ മറ്റൊരു വാഗ്ദാനമായിരുന്നു തിരുവനന്തപുരത്ത് എയിംസ്. മറ്റു പല സംസ്ഥാനങ്ങൾക്കും എയിംസ് അനുവദിച്ചിട്ടും കേരളത്തിലേക്ക് എത്താത്തത് തരൂരിന്റെയും കേന്ദ്ര സർക്കാരിന്റെയും നിലപാടുകൾ കൊണ്ടാണെന്നും ഇടതുമുന്നണി പറയുന്നു. താൻ എം.പി ആയിരുന്നപ്പോൾ നടത്തിയ വികസനനേട്ടങ്ങൾ പറഞ്ഞാണ് പന്ന്യൻ രവീന്ദ്രന്റെ വോട്ട് പിടുത്തം.

ഹൈക്കോടതി ബെഞ്ചിനു വേണ്ടി പല ശ്രമങ്ങളും നടത്തിയിട്ടും ജുഡിഷ്യറി അടക്കമുള്ള വയിൽനിന്ന് അനുകൂല നിലപാട് ഉണ്ടായില്ലെന്നാണ് തരൂരിന്റെ മറുപടി. എയിംസ് തരാത്തത് കേന്ദ്ര സർക്കാരാണെന്നും അദ്ദേഹം കുറ്റപ്പെടുത്തുന്നുണ്ട്.

കടമെടുപ്പിലെ സുപ്രിംകോടതി വിധി;

വിമർശനം പ്രതിപക്ഷം ആയുധമാക്കുമെന്ന് എൽ.ഡി.എഫിന് ആശങ്ക

ഡൽഹി: കടമെടുപ്പ് പരിധിയുമായി ബന്ധപ്പെട്ട കേരളത്തിന്റെ ഹരജിയിലെ സുപ്രിംകോടതി ഇടക്കാല വിധി പ്രതിപക്ഷം ആയുധമാക്കുമോ എന്ന ആശങ്കയിലാണ് സംസ്ഥാനം. ധനകാര്യ മാനേജുമെന്റിലെ പിഴവും ഇടക്കാല വിധിയിൽ ഊന്നിപറഞ്ഞിട്ടുണ്ട്. ഭരണഘടനാ ബെഞ്ചിനു ഹരജി പരിഗണിക്കാൻ വിട്ടത് നേട്ടമായി ഉയർത്തികാട്ടി പിടിച്ചു നിൽക്കാനാകും സർക്കാരിന്റെ ശ്രമം.

കെടുകാര്യസ്ഥത മൂലം സംസ്ഥാനം വരുത്തി വച്ച സാമ്പത്തിക പ്രതിസന്ധിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഇടക്കാല ആശ്വാസം നേടാനാവില്ല എന്നതായിരുന്നു ഇടക്കാല വിധിയിലെ സുപ്രധാന നിരീക്ഷണം. ഈ വരികൾ തെരഞ്ഞെടുപ്പ് കാലത്ത് തിരിച്ചടിയാകുമോ എന്ന ഭയം സർക്കാരിനുണ്ട്. ധനകാര്യ മാനേജുമെന്റിലെ പിഴവാണ് കേരളത്തിൽ ഉണ്ടായതെന്ന് ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ മുതൽ കോടതിയിൽ സോളിസ്റ്റർ ജനറൽ തുഷാർ മേത്ത വരെ ആവർത്തിച്ചു. ഫെഡറലിസത്തിലുള്ള കേന്ദ്രസർക്കാർ അക്രമണം എന്ന ആശയമുയർത്തി ഇവയെ എല്ലാം സംസ്ഥാനം പ്രതിരോധിച്ചു.വിധിയിൽ കൂടി ഇക്കാര്യം വ്യക്തമാക്കിയതോടെ തെരഞ്ഞെടുപ്പ് കാലത്ത് മറുപടി പറയാൻ സിപിഎം ഏറെ വിയർക്കേണ്ടി വരും.10,722 കോടി കടമെടുക്കാനുള്ള അവകാശം ബോധ്യപ്പെടുത്താൻ സംസ്ഥാനത്തിനായില്ലെന്ന് സുപ്രിംകോടതി പറഞ്ഞതും തിരിച്ചടിയാണ്. കേരളത്തിനെതിരായ കേന്ദ്രവാദം ശരിവച്ച കോടതി, ഇനിയും കടമെടുക്കാൻ അവകാശമുണ്ടെന്ന സംസ്ഥാനത്തിന്റെ വാദം തെറ്റെന്ന് വിലയിരുത്തി. അവകാശമുള്ള തുകയിലെ കേരളത്തിൻറെ കണക്കുകളിൽ പൊരുത്തക്കേടെന്ന് ബെഞ്ച് കണ്ടെത്തിയത്,ചർച്ചകളിൽ സംസ്ഥാനം നേടിയ മേൽക്കൈ ഇല്ലാതാക്കും.

മറ്റൊരു തെരഞ്ഞെടുപ്പുകാലം; മൂലമ്പിള്ളി പുനരധിവാസ പാക്കേജ് ഇനിയും പാതിവഴിയിൽ, തീരാത്ത ദുരിതം

കൊച്ചി: വല്ലാർപാടം ടെർമിനൽ പദ്ധതിക്കുവേണ്ടി മൂലമ്പിള്ളിയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പ്രഖ്യാപിച്ച പുനരധിവാസ പാക്കേജ് ഇനിയും പൂർണ്ണമായി നടപ്പായില്ല. 16 വർഷത്തിനിപ്പുറവും നീതി നിഷേധിക്കപ്പെട്ട് കഴിയുകയാണ് നിരവധി കുടുംബങ്ങൾ. സാധാരണ മൂലമ്പിള്ളിക്കാരുടെ ദുരിതം തെരഞ്ഞെടുപ്പ് വേദികളിൽ ചർച്ചയാകാറുണ്ട് എന്നാലിപ്പോൾ എല്ലാവരും ഈ മനുഷ്യരെ മറന്ന മട്ടാണ്.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡിനായി കുടിയൊഴിപ്പിക്കപ്പെട്ടത് 316 കുടുംബങ്ങളാണ്. ഇതിൽ 50 കുടുംബങ്ങൾക്കു മാത്രമാണ് അനുവദിക്കപ്പെട്ട ഭൂമിയിൽ വീട് വയ്ക്കാനായത്. മറ്റുള്ളവരുടെ പുനരധിവാസം 16 വർഷത്തിനിപ്പുറവും പാതിവഴിയിലാണ്. പലർക്കും ലഭിച്ചത് ചതുപ്പുനിലമാണ്. ചിലർക്കാകട്ടെ നിയമപ്രശ്നങ്ങൾ മൂലം കിട്ടിയ ഭൂമിയിൽ വീട് വയ്ക്കാനുമാകുന്നില്ല.

നിരവധി കുടുംബങ്ങൾ ഇപ്പോഴും വാടകവീടുകളിലാണ് താമസിക്കുന്നത്. പാക്കേജിൽ പ്രഖ്യാപിച്ച തൊഴിൽ ലഭ്യമാക്കുമെന്ന ഉറപ്പും വെറും വാഗ്ദാനമായി ഒതുങ്ങി. മൂലമ്പിള്ളിക്കാരുടെ പ്രശ്നങ്ങളുയർത്തി 2009ൽ തെരഞ്ഞെടുപ്പിൽ മേരി ഫ്രാൻസിസ് മത്സരിച്ചിരുന്നു. ഇന്നിപ്പോൾ മൂലമ്പിള്ളിക്കാരുടെ പ്രശ്നങ്ങൾ തെരഞ്ഞെടുപ്പ് വേദികളിൽ ഉയർന്നു കേൾക്കുന്നേയില്ല.

അടച്ചിട്ടിരുന്ന തിരുവനന്തപുരം സ്റ്റാച്യു–ജനറൽ ആശുപത്രി റോഡ് തുറന്നു നൽകി

തിരുവനന്തപുരം: സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി അടച്ചിട്ടിരുന്ന തിരുവനന്തപുരം സ്റ്റാച്യു ജനറൽ ആശുപത്രി റോഡ് തുറന്നു നൽകി. തലസ്ഥാനത്ത് ഗതാഗത യോഗ്യമാക്കുന്ന അഞ്ചാമത്തെ സ്മാർട്ട് റോഡാണിത്.

പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ വ്യാപാരി വ്യവസായി സമിതിയാണ് റോഡ് തുറന്നു നൽകിയത്. ആദ്യഘട്ട ടാറിങ് പൂർത്തിയായ റോഡിൽ നടപ്പാത നിർമ്മാണം ഉൾപ്പെടെ അനുബന്ധ ജോലികളും ബാക്കിയാണ്. രണ്ടാംഘട്ട ടാറിങ്, നടപ്പാത നിർമ്മാണം, അനുബന്ധ ജോലികൾ എത്രയും വേഗം തന്നെ പൂർത്തിയാക്കുമെന്ന് സർക്കാർ ഉറപ്പു നൽകിയിട്ടുണ്ടെന്ന് വ്യാപാര വ്യവസായി സമിതി തിരുവനന്തപുരം ജോയിൻ സെക്രട്ടറി പറഞ്ഞു.

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായുള്ള 13 റോഡുകളിൽ അഞ്ചാമത്തെ റോഡാണ് ഇന്ന് തുറന്നു നൽകിയത്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. പെരുമാറ്റ നിലവിലുള്ളതിനാൽ പൊതുമരാമത്ത് മന്ത്രിയോ മറ്റു മന്ത്രിമാരോ പങ്കെടുത്തില്ല. 450 മീറ്ററിന് അടുത്ത് നീളമുള്ള സ്റ്റാച്യു ജനറൽ ആശുപത്രി റോഡിന്റെ നിർമ്മാണ ചെലവ് നാലു കോടി രൂപയ്ക്ക് മുകളിലാണ്. നിരവധി കച്ചവടക്കാരും വ്യാപാരികളും ഉള്ള ഈ പ്രദേശത്തെ റോഡ് മാസങ്ങളായി അടച്ചിട്ടിരിക്കുകയായിരുന്നു. റോഡ് തുറന്നു നൽകുന്ന ആശ്വാസമാകും എന്നാണ് കച്ചവടക്കാർ പറയുന്നത്.



ഫയൽ ചിത്രം

എലത്തൂർ ട്രെയിൻ തീവെപ്പിന് ഒരാണ്ട്; ദുരൂഹതകൾ ഇനിയും ബാക്കി

കോഴിക്കോട് : മൂന്ന് പേരുടെ മരണത്തിനിടയാക്കിയ എലത്തൂർ ട്രെയിൻ തീവെപ്പിന് ഇന്നേക്ക് ഒരുവർഷം. എൻഐഎ കുറ്റപത്രം സമർപ്പിച്ച കേസിലെ ഏക പ്രതി ഷാറൂഖ് സെയ്ഫി വിചാരണ കാത്ത് ജയിലിലാണ്.ട്രെയിനിന് തീവെച്ത് തീവ്രവാദ ലക്ഷ്യത്തോടെയാണെന്നാണ് എൻഐഎ കുറ്റപത്രമെങ്കിലും ദുരൂഹത ബാക്കിയാണ്.

കഴിഞ്ഞ ഏപ്രിൽ രണ്ടിന് രാത്രി 9:17. കണ്ണൂർ-ആലപ്പുഴ എക്സിക്യൂട്ടീവ് എക്സ്പ്രസ് കോഴിക്കോട് റെയിൽവേ സ്റ്റേഷനും കടന്ന് കണ്ണൂരിലേക്ക് യാത്ര തുടരുകയാണ്. എലത്തൂർ റെയിൽവേ സ്റ്റേഷൻ പിന്നിട്ടതോടെ തീവണ്ടിയിലെ ഡിവൺ ബോഗിയിലെ അന്തരീക്ഷം പെടുന്നനെ മാറി.ഡി2 ബോഗിയിൽ നിന്ന് വന്ന ഒരാൾ യാത്രക്കാർക്ക് മേൽ പെട്രോൾ കുടഞ്ഞ് തീ കൊളുത്തുന്നു. ശാന്തമായിരുന്ന ഡി വൺ ബോഗി പൊടുന്നനെ തീഗോളമായി മാറി. പരിഭ്രാന്തരായ യാത്രക്കാർ ബോഗിക്കുള്ളിൽ ചിതറിയോടി.യാത്രക്കാർ തന്നെ ചങ്ങല വലിച്ച് ട്രെയിൻ നിർത്തുകയായിരുന്നു.

പൊള്ളലേറ്റ ഏഴ് പേരെ ആശുപത്രിയിലേക്ക് മാറ്റി. എന്നാൽ ഇതോടകം തന്നെ അക്രമി കാണാമറയത്തേക്ക് രക്ഷപ്പെട്ടു. അതിനിടെയാണ് എലത്തൂരിലെ റെയിൽവേ ട്രാക്കിൽ നിന്ന് അർധരാത്രി രണ്ടര വയസ്സുള്ള പെൺകുട്ടി ഉൾപ്പെടെ മൂന്ന് പേരുടെ മൃതശരീരം കണ്ടെത്തിയത്. തീപടരുന്നത് കണ്ട് ട്രെയിനിൽ നിന്ന് ചാടി രക്ഷപ്പെടാൻ ശ്രമിച്ചതാണ് ഇവരെന്നാണ് വിലയിരുത്തൽ.

എലത്തൂരിലെ റെയിൽവേ ട്രാക്കിൽ നിന്ന് കണ്ടെത്തിയ പെട്രോൾകുപ്പിയടങ്ങിയ ബാഗാണ് കേസന്വേഷണത്തിൽ നിർണായകമായത്.ബാഗിൽ നിന്ന് കിട്ടിയ നോട്ട് ബുക്കിൽ ഷാറൂഖ് സെയ്ഫിയെന്ന പേര്, കാർപെന്റർ എന്ന തൊഴിൽ, നോയിഡ എന്ന സ്ഥലം എല്ലാം വ്യക്തമായി കുറിച്ചിട്ടിരുന്നു. ഒപ്പം സിം കാർഡില്ലാത്ത മൊബൈൽ ഫോണും.ആക്രമണം കഴിഞ്ഞ് രണ്ട് ദിവസത്തിന് ശേഷം പ്രതി മഹാരാഷ്ട്രയിലെ രത്നഗിരിയിൽ മഹാരാഷ്ട്ര എടിഎസിന്റെ പിടിയിലായി. പേര് ഷാറൂഖ് സെയ്ഫി. പതിനൊന്ന് ദിവസം കേരള പൊലീസ് കസ്റ്റഡിയിൽ ചോദ്യം ചെയ്തു. പ്രതിക്ക് മേൽ യു.എ.പി.എയും ചുമത്തി. കേസന്വേഷണം എൻ.ഐ.എ കൊച്ചി യൂണിറ്റ് ഏറ്റെടുത്തു. 2023 സെപ്തംബർ മുപ്പതിന് എൻഐഎ കുറ്റപത്രം സമർപ്പിച്ചു. കേസിൽ മറ്റുപ്രതികളില്ലെന്നും തീവ്രവാദ പ്രവർത്തനം വഴി സമൂഹത്തിൽ ഭീകരത സൃഷ്ടിക്കാനായിരുന്നു ശ്രമമെന്നും കുറ്റപത്രം.. ആരും തിരിച്ചറിയാതിരിക്കാനാണ് ആക്രമണത്തിന് കേരളം തെരഞ്ഞെടുത്തതെന്നും എൻഐഎ കുറ്റപത്രത്തിൽ പറയുന്നു.

ഷാറൂഖ് സെയ്ഫിക്ക് ഒറ്റയ്ക്ക് കേരളത്തിൽ ഇങ്ങനെയൊരു ആക്രമണം നടത്താനാകുമോ..? യു.പി സ്വദേശിയായ പ്രതി ആക്രമണത്തിന് കേരളം തന്നെ തെരഞ്ഞെടുത്തതിന്റെ യാഥാർഥ കാരണമെന്ത് ? ആസൂത്രിതമായ ആക്രമണമെങ്കിൽ പ്രതിയിലേക്കുള്ള തെളിവുകളടങ്ങുന്ന ബാഗ് റെയിൽവേ ട്രാക്കിൽ എങ്ങനെയെത്തി. ട്രെയിൻ തീവെപ്പിന് ഒരാണ്ട് തികയുമ്പോഴും ദുരൂഹതകളേറെ ബാക്കിയാണ്.

കേരളം കനത്ത ചൂടിൽ; 12 ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്തെ ഉയർന്ന താപനില മാറ്റമില്ലാതെ തുടരുന്നു. 12 ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ടാണ്. ദിനപ്രതി ചൂട് കൂടുന്നതോടെ ചൂടിൽ അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റിയും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

പകൽ 12 മുതൽ ഉച്ചയ്ക്ക് മൂന്ന് വരെ സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. സൂര്യാഘാത ഭീഷണി നിലനിൽക്കുന്നതിനാൽ പുറപ്പെടുവിച്ചിട്ടുള്ള ജാഗ്രതാ മുന്നറിയിപ്പുകൾ പാലിക്കണമെന്നും ദുരന്തനിവാരണ അതോറിറ്റിയും ആരോഗ്യവകുപ്പും നിർദേശം നൽകുന്നു.അതേസമയം, പെള്ളുന്ന ചൂടിൽ വലയുന്ന കേരളത്തിന് ആശ്വാസമായി വേനൽ മഴ ഉണ്ടാകുമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് പറയുന്നു. ഏപ്രിൽ നാല് വരെയാണ് വിവിധ ജില്ലകളിൽ വേനൽ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിലാണ് ബുധനാഴ്ച വരെ മഴക്ക് സാധ്യത.

ഇരട്ട വോട്ട്; ഇടുക്കിയിലെ അതിർത്തി ഗ്രാമങ്ങളിൽ ഹിയറിംഗ് നടത്തി റവന്യു വകുപ്പ്

ഇടുക്കി: ഇടുക്കി ജില്ലയിലെ അതിർത്തിഗ്രാമങ്ങളിൽ ഇരട്ട വോട്ടുള്ളവരുണ്ടെന്ന് കണ്ടെത്തിയ പശ്ചാത്തലത്തിൽ റവന്യൂ വകുപ്പ് ഹിയറിംഗ് നടത്തിഇടുമ്പൻചോല പഞ്ചായത്തിലെ രണ്ട് വാർഡുകളിലായി 211 ഇരട്ട വോട്ടുകളാണ് റവന്യൂ വകുപ്പ് കണ്ടെത്തിയത്. തുടർ നടപടികൾക്കായി വിശദമായ റിപ്പോർട്ട് കളക്ടർക്ക് കൈമാറും. തമിഴ് നാട് തേനിയിലെ ഫോട്ടോ പതിപ്പിച്ച വോട്ടേഴ്സ് ലിസ്റ്റ് കൂട് പരിശോധിച്ച ശേഷമാകും തുടർ നടപടികൾ സ്വീകരിക്കുക. ഇടുമ്പൻചോല പഞ്ചായത്തിലെ 6, 12 വാർഡുകളിൽ ഇരട്ട വോട്ടുകളുണ്ടെന്ന് കാട്ടി ബിജെപി പ്രാദേശിക നേതൃത്വമാണ് പരാതി നൽകിയത്. ഇടുക്കിയിലെ തമിഴ് ഭൂരിപക്ഷ മേഖലയിൽ പതിനായിരകണക്കിന് ഇരട്ട വോട്ടുകൾ ഉണ്ടെന്ന ആരോപണവും ശക്തമാണ്.

കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട തർക്കം; മലപ്പുറത്ത് സഹോദരങ്ങൾക്ക് കുത്തേറ്റു

മലപ്പുറം: കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് സഹോദരങ്ങൾക്ക് കുത്തേറ്റു.മലപ്പുറം കുറ്റിപ്പുറത്താണ് സംഭവം നടന്നത്. അമ്മുഖൻ, മണി എന്നിവർക്കാണ് കുത്തേറ്റത്. ഗുരുതരമായി പരിക്കേറ്റ മണിയെ കോട്ടക്കലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇരുവരും താമസിക്കുന്ന ഷാട്ടേഴ്സിലെ അയൽവാസി സുരേഷ് എന്നയാളാണ് കുത്തിപ്പരിക്കേൽപ്പിച്ചത്. അമ്മുഖന് കൈക്കും മണിക്ക് വയറിനുമാണ് കുത്തേറ്റിരിക്കുന്നത്. ടാപ്പ് പൂട്ടുന്നതിനെച്ചൊല്ലി പ്രതിയായ സുരേഷിന്റെ ഭാര്യയും കുത്തേറ്റ അമ്മുഖന്റെ ഭാര്യയും തമ്മിലുണ്ടായ തർക്കമാണ് കത്തിക്കുത്തിൽ കലാശിച്ചതെന്ന് പൊലീസ് പറയുന്നു.

നാമ നിർദ്ദേശ പത്രിക സമർപ്പിക്കാൻ രാഹുൽ ഗാന്ധി വയനാട്ടിലേക്ക്

വയനാട്: ലോക്സഭാ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ രാഹുൽ ഗാന്ധി നാളെ വയനാട്ടിൽ എത്തും. വയനാട്ടിലെ നിലവിലെ എം.പിയും യു.ഡി.എഫ് സ്ഥാനാർത്ഥിയുമാണ് രാഹുൽ ഗാന്ധി. ഗംഭീര സ്വീകരണമാണ് രാഹുൽ ഗാന്ധിക്കായി പ്രവർത്തകർ ഒരുക്കിയിരിക്കുന്നത്. ഉച്ചയ്ക്ക് 12 മണിയോടെ പത്രിക സമർപ്പിക്കുമെന്നാണ് റിപ്പോർട്ട്. കൂടാതെ രാഹുൽ ഗാന്ധിയുടെ റോഡ് ഷോയും നാളെ വയനാട്ടിൽ നടക്കും.

സംസ്ഥാന നേതാക്കളായ കെ. സുധാകരൻ, രമേശ് ചെന്നിത്തല, വി.ഡി സതീശൻ, മുസ്ലിം ലീഗ് നേതാക്കളായ പി.കെ. കുഞ്ഞാലിക്കുട്ടി, അബ്ദുസ് അലി ശിഹാബ് തങ്ങൾ തുടങ്ങിയവരും പരിപാടിയിൽ അണി നിരക്കും. മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ, ഏറനാട്, വണ്ടൂർ, നിലമ്പൂർ, തിരുവമ്പാടി എന്നീ നിയോജക മണ്ഡലങ്ങളിലെ നൂറു കണക്കിന് പ്രവർത്തകർ റോഡ് ഷോയിൽ പങ്കെടുക്കുമെന്ന് നേതാക്കൾ അറിയിച്ചു.

മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ തലക്കൽ ഗൗണ്ടിൽ ഹെലികോപ്റ്ററിൽ വന്നിറങ്ങുന്ന രാഹുൽ ഗാന്ധി റോഡ് മാർഗം കൽപ്പറ്റ പുതിയ സ്റ്റാന്റിൽ റോഡ് ഷോയ്ക്കായി എത്തും. കേരളത്തിലെ 20 മണ്ഡലങ്ങളിലേക്കുമുള്ള വലിയ കാമ്പയിന്റെ തുടക്കമായിരിക്കും ഈ റോഡ് ഷോ എന്ന് നേതാക്കൾ വ്യക്തമാക്കി.

പെരുമ്പാവൂരിൽ മൂന്ന് വാഹനങ്ങൾ കൂട്ടിയിടിച്ച് അപകടം: ഒരാൾ മരിച്ചു, അഞ്ചു പേർക്ക് പരിക്ക്

പെരുമ്പാവൂർ: എറണാകുളം പെരുമ്പാവൂർ പുല്ലുവഴിയിൽ മൂന്ന് വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. മലയാറ്റൂർ സ്വദേശി സദൻ (53) ആണ് മരിച്ചത്. അഞ്ച് പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരിൽ ഒരാളുടെ നില ഗുരുതരമാണ്. ഇന്ന് പുലർച്ചെയാണ് അപകടം നടന്നത്.മൂവാറ്റുപുഴ ഭാഗത്ത് നിന്നും വന്ന ഇന്നോവ കാർ എതിർദിശയിൽ വന്ന വാഹനങ്ങളിൽ ഇടിക്കുകയായിരുന്നു. എതിർദിശയിൽ വന്ന കാറിലെ യാത്രക്കാരനാണ് മരിച്ച സദൻ. ഗുരുതരമായി പരിക്കേറ്റ സദൻ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്. ഇടിയുടെ ആഘാതത്തിൽ മൂന്ന് വാഹനങ്ങളും തകർന്നു. വാഹനം വെട്ടിപ്പൊളിച്ചാണ് ആളുകളെ പുറത്തെടുത്തത് .

പെരുമാറ്റച്ചട്ട ലംഘന പരാതി: മന്ത്രി മുഹമ്മദ് റിയാസിനോട് വിശദീകരണം തേടി

കോഴിക്കോട് തെരഞ്ഞെടുപ്പ്പെരുമാറ്റച്ചട്ട ലംഘന പരാതിയിൽ മന്ത്രി മുഹമ്മദ് റിയാസിനോട് വരണാധികാരി വിശദീകരണം തേടി. ഒരാഴ്ചയ്ക്കകം വിശദീകരണം നൽകാനാണ് ജില്ലാ കലക്ടർ ആവശ്യപ്പെട്ടിട്ടുള്ളത്. മന്ത്രി റിയാസ് കോഴിക്കോട്ടു നടത്തിയ പ്രസംഗത്തിനെതിരെയാണ് കോൺഗ്രസ് പരാതി നൽകിയത്.

കോഴിക്കോട് മണ്ഡലത്തിലെ ഇടതു സ്ഥാനാർത്ഥി എളമരം കരീമിന്റെ പ്രചാരണ പരിപാടിയുടെ ഭാഗമായി കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടത്തിയ പ്രസംഗത്തിനെതിരെയാണ് പരാതി. മണ്ഡലത്തിലെ കായികമേലയിലെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.പ്രസംഗത്തിനിടെ കോഴിക്കോട് സ്റ്റേഡിയം രാജ്യാന്തര സ്റ്റേഡിയമായി മാറ്റാൻ നിശ്ചയിച്ചതായി മന്ത്രി പ്രസംഗിച്ചത് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിന്റെ ലംഘനമാണെന്നാണ് കോൺഗ്രസ് ആരോപിക്കുന്നത്. പ്രസംഗം ചിത്രീകരിച്ച ഇലക്ഷൻ കമ്മീഷൻ കമ്മാന്മനെ വേദിയിൽ നിന്നും സ്ഥാനാർത്ഥിയായ എളമരം കരീം മാറ്റിനിർത്തിയിരുന്നു.

സ്റ്റേജിന് പിന്നിലേക്ക് കമ്മാന്മനെ മാറ്റുകയായിരുന്നു. ഇലക്ഷൻ കമ്മീഷൻ കമ്മാന്മനെ മാറ്റിയതും ഏറെ ചർച്ചയായിരുന്നു. എന്നാൽ പെരുമാറ്റച്ചട്ടം ലംഘിച്ചിട്ടില്ലെന്ന് മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. മന്ത്രി അബ്ദുറഹിമാൻ നേരത്തെ പറഞ്ഞ കാര്യം ആവർത്തിക്കുക മാത്രമാണ് ചെയ്തതെന്നാണ് റിയാസ് പറയുന്നത്.

മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞു; മൂന്ന് തൊഴിലാളികൾ നീന്തിക്കയറി

തിരുവനന്തപുരം :മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞു. മത്സ്യബന്ധനം കഴിഞ്ഞ് തിരികെ വരുമ്പോഴായിരുന്നു അപകടം. കടലിലേക്ക് വീണ മൂന്ന് തൊഴിലാളികൾ നീന്തിക്കയറി. ആർക്കും കാര്യമായ ആരോഗ്യപ്രശ്നങ്ങളില്ല.

തങ്കളാഴ്ചയും മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞിരുന്നു. രണ്ട് മത്സ്യതൊഴിലാളികൾക്കാണ് ഇന്നലെ പരിക്കേറ്റത്. ശക്തമായ തിരമാലയിൽ നിയന്ത്രണം വിട്ട ബോട്ട് പുലിമുട്ടിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഒരാൾ കടലിലേക്ക് തെറിച്ചുവീണു. കടലിൽ വീണ മത്സ്യതൊഴിലാളിക്ക് തലയ്ക്ക് പരിക്കേറ്റിരുന്നു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തിങ്കളാഴ്ച പുലർച്ചെ നടന്ന അപകടത്തിൽ വള്ളം മറിയുകയും അഞ്ച് മത്സ്യതൊഴിലാളികൾ കടലിലേക്ക് തെറിച്ചുവീഴുകയും ചെയ്തിരുന്നു.

അതിനിടെ, സംസ്ഥാനത്ത് 'കള്ളക്കടൽ' പ്രതിഭാസം മൂലമുള്ള കടലേറ്റം ഇന്നും തുടരും. ശക്തമായ കടലാക്രമണത്തിനും ഉയർന്ന തിരമാലക്കും ഇന്നും സാധ്യതയുള്ളതിനാൽ തീരദേശം കനത്ത ജാഗ്രതയിലാണ്. സംസ്ഥാനത്തെ ചൂടും ശമനമില്ലാതെ തുടരുകയാണ്.

കാലിക്കറ്റ് സർവകലശാലയിൽ പെരുന്നാൾ ദിനത്തോട് അനുബന്ധിച്ച് പരീക്ഷ; പ്രതിഷേധം ശക്തം

മലപ്പുറം: കാലിക്കറ്റ് സർവകലശാലയിൽ പെരുന്നാൾ ദിനത്തോട് അനുബന്ധിച്ച് പരീക്ഷ നടത്തുന്നതിൽ പ്രതിഷേധം. പെരുന്നാളിന്റെ തലേ ദിവസവും പിറ്റേ ദിവസവും പരീക്ഷകൾ പാടില്ലെന്ന സർക്കാർ ഉത്തരവ് ലംഘിച്ചാണ് സർവകലാശാലയുടെ നടപടി.

നേരത്തെ നടക്കേണ്ട പരീക്ഷ മാറ്റിവെച്ചതും പെരുന്നാളിനോട് അനുബന്ധിച്ച ദിവസങ്ങളിലേക്കാണ് കാലിക്കറ്റ് സർവകലശാലയിലെ ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ നടന്ന് വരുകയാണ്. പത്താം തീയതിയോ പതിനെന്നാം തീയതിയോ ആയിരിക്കും പെരുന്നാൾ. ഒൻപതാം തീയതിയും 12-ാം തീയതിയും സർവകലശാല പരീക്ഷ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ നഗ്നമായ ലംഘനമാണ് കാലിക്കറ്റ് സർവകലശാല നടത്തുന്നതെന്ന് കോളേജ് അധ്യാപകരും വിദ്യാർഥികളും സെനറ്റ് മെമ്പർമാരും ഉൾപ്പെടെ പറയുന്നു.

കഴിഞ്ഞ വർഷങ്ങളിലും സമാന സംഭവം ഉണ്ടായി. പ്രതിഷേധം ശക്തമായതോടെ പരീക്ഷകൾ മാറ്റിവെച്ചു. വിദ്യാർഥികളെയും അധ്യാപകരെയും പ്രയാസപെടുത്തുന്ന നിലപാട് തിരുത്തണമെന്ന് ആവശ്യം ഉയരുന്നുണ്ട്.

ഭോജ്ശാല- കമാൽ മസ്ജിദിലെ സർവേ നിർത്തിവെക്കണമെന്ന ഹരജി സുപ്രിംകോടതി തള്ളി

ഡൽഹി: മധ്യപ്രദേശിലെ ഭോജ്ശാല- കമാൽ മസ്ജിദ് തർക്കസ്ഥലത്തെ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സർവേ നിർത്തിവെക്കണമെന്ന ഹരജി സുപ്രിം കോടതി തള്ളി. മസ്ജിദ് സമുച്ചയത്തിൽ എ.എസ്ഐ സർവേ നടത്തണമെന്ന മധ്യപ്രദേശ് ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രിം കോടതിയിൽ നൽകിയ അപ്പീൽ ഹരജിയാണ് തള്ളിയത്. മാർച്ച് 11 നായിരുന്നു ഹൈക്കോടതി ഉത്തരവ് .

സർവേയുമായി ബന്ധപ്പെട്ട മധ്യപ്രദേശ് ഹൈക്കോടതിയുടെ വിധിയെ ചോദ്യം ചെയ്ത് മൗലാന കമാലുദ്ദീൻ വെൽഫെയർ സൊസൈറ്റി നൽകിയ ഹരജിയിൽ, ജസ്റ്റിസുമാരായ ഋഷികേശ് റോയ്, പികെ മിശ്ര എന്നിവരടങ്ങിയ ബെഞ്ച് കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും നോട്ടീസ് അയച്ചിരുന്നു.സമുച്ചയത്തിന്റെ സ്വഭാവം മാറ്റുന്ന ഒരു ഭൗതിക ഖനനവും നടത്തരുതെന്ന് ജസ്റ്റിസ് ഋഷികേശ് റോയ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു. അനുമതിയില്ലാതെ തർക്കസ്ഥത്ത് ഒരു നടപടികളും ഉണ്ടാവരുതെന്നും ബെഞ്ച് പറഞ്ഞു.വിഷയത്തിൽ അടിയന്തര വാദം കേൾക്കാൻ അപേക്ഷകർ ആവശ്യപ്പെട്ടപ്പോൾ, സർവേ ആരാധനാലയത്തിന് കേടുപാടുകൾ വരുത്തിയേക്കാമെന്നും പൊതുസമൂഹത്തിന്റെ മതവികാരത്തെ ബാധിക്കുമെന്നും കോടതി പറഞ്ഞിരുന്നു.

ഭോജ്ശാല സമുച്ചയം ക്ഷേത്രമാണെന്ന് വാദിച്ച് കഴിഞ്ഞ വർഷം ഒരു വിഭാഗം കോടതിയെ സമീപിച്ചിരുന്നു. ഹിന്ദു ഫ്രണ്ട് ഫോർ ജസ്റ്റിസ് ആണ് ഹൈക്കോടതിയിൽ പൊതുതാൽപര്യ ഹരജി സമർപ്പിച്ചത്. ഭോജ്ശാലയിൽ എല്ലാ ദിവസവും പ്രാർത്ഥന നടത്തുന്നത് 2003ൽ എ.എസ്ഐ വിലക്കിയിരുന്നു. ഇത് ചോദ്യം ചെയ്താണ് ഹിന്ദു വിഭാഗം കോടതിയെ സമീപിച്ചത്. കമാൽ മൗല പള്ളിയിൽ നടക്കുന്ന പ്രാർത്ഥന തടയണമെന്നും ആവശ്യമുണ്ട്.

ഹിന്ദു മതസ്ഥർക്ക് ഇത് സരസ്വതി ദേവിക്ക് സമർപ്പിച്ചിരിക്കുന്ന ക്ഷേത്രമാണ്. മുസ്ലിംകൾക്ക് ഇത് കമൽ മൗല മസ്ജിദിന്റെ സ്ഥലമാണ്. 2003-ലെ എ.എസ്ഐ ഉത്തരവ് പ്രകാരം ഹിന്ദുക്കൾ ചൊവ്വാഴ്ചകളിൽ സമുച്ചയത്തിൽ പൂജ നടത്തുന്നു, മുസ്ലിംകൾ വെള്ളിയാഴ്ചകളിൽ നമസ്കരിക്കുകയും ചെയ്യുന്നു.മസ്ജിദ് സമുച്ചയത്തിൽ എ.എസ്ഐ സർവേ നടത്തണമെന്ന് മധ്യപ്രദേശ് ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രിം കോടതിയിൽ നൽകിയ അപ്പീൽ ഹരജിയാണ് തള്ളിയത്.

ഡൽഹി ഭരണം പ്രതിസന്ധിയിലേക്ക്; പ്രതിഷേധം ശക്തമാക്കാൻ ബി.ജെ.പി

ഡൽഹി: മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ തിഹാർ ജയിലിൽ ആയതോടെ ഡൽഹി ഭരണം പ്രതിസന്ധിയിലേക്ക്. കെജ്രിവാളിനെ മുഖ്യമന്ത്രി സ്ഥാനത്തു നിന്ന് നീക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപി പ്രതിഷേധം ശക്തമാക്കും. കെജ്രിവാളിൻറെ ഭാര്യ സുനിത കെജ്രിവാൾ, മന്ത്രി അതിഷി തുടങ്ങിയവരുടെ പേരുകളാണ് മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഉയർന്നു കേൾക്കുന്നത്.

മുഖ്യമന്ത്രി സ്ഥാനം ഒഴിയില്ല എന്ന കെജ്രിവാളിൻറെ നിലപാടിന് പാർട്ടിക്കുള്ളിൽ പൂർണ സ്വീകാര്യതയില്ലെന്നാണ് സൂചന. ഭരണപ്രതിസന്ധിയുണ്ടായാൽ ജനവികാരം എതിരാകുമെന്ന് നേതാക്കൾക്ക് അഭിപ്രായമുണ്ട് എന്നാൽ ഏതാനും വർഷങ്ങളായി കെജ്രിവാൾ എന്ന വ്യക്തിയിലൊതുങ്ങിയ പാർട്ടിക്ക് രണ്ടാമനെ കണ്ടെത്തുക ദുഷ്കരമാണ്. അടുത്ത മുഖ്യമന്ത്രിയായി ഉയർന്ന് കേൾക്കുന്ന പേരുകൾ ഡൽഹി മന്ത്രിമാരായ അതിഷി, സൗരഭ് ഭരദ്വാജ് എന്നിവരുടെതാണ്. കെജ്രിവാൾ ഇ.ഡി കസ്റ്റഡിയിൽ ആയതിനു പിന്നാലെ കെജ്രിവാളിന്റെ വാക്കായി മാറിയ സുനിത കെജ്രിവാളും മുഖ്യമന്ത്രി സ്ഥലത്തേക്ക് ഉയർന്ന് കേൾക്കുന്ന പേരുകളിൽ ഒന്നാണ്.

സുനിത കെജ്രിവാൾ മുഖ്യമന്ത്രിയായാൽ കെജ്രിവാളിൻറെ അഭാവത്തിൽ പോലും പരോക്ഷമായെങ്കിലും പാർട്ടിയിലും സർക്കാരിലും അരവിന്ദ് കെജ്രിവാളിന് നിയന്ത്രണമുണ്ടാകും. സുനിത കെജ്രിവാൾ മുഖ്യമന്ത്രിയാകുന്നതുവഴി ഒരു തരത്തിൽ കെജ്രിവാൾ സർക്കാർ ഭരിക്കുകയാണെന്ന സന്ദേശം പൊതുജനങ്ങൾക്ക് നേരിട്ട് നൽകും. കെജ്രിവാളിനോടുള്ള കൂറും വിശ്വസ്ഥതയുമാണ് അടുത്ത നേതാവിനെ കണ്ടെത്തുന്നതിൽ മുഖ്യം ഘടകം. അതിഷിയോ, സുനിതയോ മുഖ്യമന്ത്രിയായാൽ സുഷമ സ്വരാജിനും ഷീലാ ദീക്ഷിതിനും ശേഷം മൂന്നാമത്തെ വനിതാ മുഖ്യമന്ത്രിയെ ഡൽഹിക്ക് ലഭിക്കും.

അതേസമയം, അറസ്റ്റും റിമാൻഡും ചോദ്യംചെയ്തുള്ള അരവിന്ദ് കെജ്രിവാളിന്റെ ഹരജിയിൽ ഇ.ഡി ഇന്ന് മറുപടി നൽകും. ഡൽഹി ഹൈക്കോടതിയിലാണ് ഇ.ഡി മറുപടി സമർപ്പിക്കുക. അറസ്റ്റും റിമാൻഡും ചോദ്യംചെയ്തുള്ള ഹരജി നാളെയാണ് ഹൈക്കോടതി പരിഗണിക്കാനിരിക്കുന്നത്. അതിനിടെ, സ്ഫോടനാത്മകമായ വിവരങ്ങൾ രാവിലെ 10 മണിക്ക് നടക്കുന്ന വാർത്താസമ്മേളനത്തിൽ വെളിപ്പെടുത്തുമെന്ന് മന്ത്രി അതിഷി അറിയിച്ചു.

ഇലക്ടറൽ ബോണ്ട് ആഘോഷിക്കുന്നവരെല്ലാം ഖേദിക്കേണ്ടിവരും – നരേന്ദ്ര മോദി

ന്യൂഡൽഹി: ഇലക്ടറൽ ബോണ്ട് വിഷയത്തിൽ പ്രതികരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇലക്ടറൽ ബോണ്ടിൽ ഇപ്പോൾ ആഹ്ലാദിക്കുന്നവർ ഖേദിക്കേണ്ടിവരുമെന്ന് മോദി പറഞ്ഞു. ഒരു സംവിധാനവും പൂർണമല്ല. കുറവും കുറവുകളുമുണ്ടാകും. അതു പരിഹരിക്കാവുന്നതേയുള്ളുവെന്നും മോദി പറഞ്ഞു.

തമിഴ് ടെലിവിഷൻ ചാനൽ 'തന്തി ടിവി'ക്കു നൽകിയ അഭിമുഖത്തിലാണ് മോദിയുടെ പ്രതികരണം. "തിരിച്ചടിയുണ്ടാകാൻ ഞങ്ങൾ എന്താണു ചെയ്തത്? അതും വച്ച് ആഘോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നവർ ഖേദിക്കുമെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു."–അദ്ദേഹം പറഞ്ഞു. സുപ്രിംകോടതി വിധി വന്ന ശേഷം ഇതാദ്യമായാണ് ഇലക്ടറൽ ബോണ്ട് വിഷയത്തിൽ മോദി പ്രതികരിക്കുന്നത്.

ഇലക്ടറൽ ബോണ്ട് സംവിധാനം കാരണമാണ് രാഷ്ട്രീയ ഫണ്ടുകളുടെ സ്രോതസും ഗുണഭോക്താക്കളുമെല്ലാം അറിയാനായതെന്നും മോദി വിശദീകരിച്ചു. 2014ൽ എൻ.ഡി.എ സർക്കാർ അധികാരത്തിലെത്തും മുൻപ് ഈ കമ്പനികൾ രാഷ്ട്രീയ പാർട്ടികൾക്ക് എത്ര നൽകിയെന്ന് പറയാനാകുമോ? മോദി ഇലക്ടറൽ ബോണ്ട് സംവിധാനിച്ച കാരണമാണ് ആരൊക്കെയാണ് ബോണ്ട് വാങ്ങിയതെന്നും അത് എങ്ങോട്ടു പോയെന്നും എങ്ങനെ ചെലവാക്കിയെന്നുമെല്ലാം ഇപ്പോൾ നമുക്ക് അന്വേഷിക്കാൻ കഴിയുന്നത്. ഒന്നും സമ്പൂർണമല്ല.

കുറവുകൾ പരിഹരിക്കാവുന്നതേയുള്ളുവെന്നും നരേന്ദ്ര മോദി പറഞ്ഞു.

എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റ് ഉൾപ്പെടയുള്ള കേന്ദ്ര ഏജൻസികളെ ദുരുപയോഗം ചെയ്യുന്നതായുള്ള ആരോപണങ്ങളെ കുറിച്ചും മോദി പ്രതികരിച്ചു. മുഴുവൻ കേന്ദ്ര ഏജൻസികളും സ്വതന്ത്രമായാണു പ്രവർത്തിക്കുന്നത്. ഞങ്ങൾ അവരുടെ പ്രവർത്തനം തടയുകയോ എന്തെങ്കിലും നിർദേശം നൽകുകയോ ചെയ്യുന്നില്ല. അതു സ്വതന്ത്രമായി തന്നെയാണു പ്രവർത്തിക്കേണ്ടത്. ജുഡിഷ്യറിയാണ് അതു വിലയിരുത്തേണ്ടതും.

നിലവിൽ 7,000ത്തോളം ഇ.ഡി കേസുകളുണ്ട്. ഇതിൽ മൂന്നു ശതമാനം മാത്രമാണു രാഷ്ട്രീയക്കാർ ഉൾപ്പെട്ട കേസുകൾ. കോൺഗ്രസ് ഭരിച്ച പത്തു വർഷക്കാലം 35 ലക്ഷം രൂപ മാത്രമാണു പിടിച്ചെടുക്കാനായതെങ്കിൽ ഞങ്ങൾ 2,200 കോടി രൂപ പിടികൂടിയിട്ടുണ്ടെന്നും പ്രധാനമന്ത്രി അവകാശപ്പെട്ടു.കള്ളപ്പണം വെളുപ്പിക്കൽ നിയമം കോൺഗ്രസ് കാലത്തും ഉണ്ടായിരുന്നു. എന്നാൽ, അവരതു കൃത്യമായി ഉപയോഗിച്ചില്ലെന്നും മോദി വിമർശിച്ചു. വളരെ മുൻപുള്ളതാണു നിയമം. (വിവിധ കമ്പനികളെയും വ്യക്തികളെയും) കള്ളപ്പണം വെളുപ്പിക്കൽ കേസുകളിൽനിന്ന് ഒഴിവാക്കാനായി 150ഓളം ഹരജികൾ കോടതിയിലെത്തിയിട്ടുണ്ട്. അഴിമതിക്കെതിരായ മോദിയുടെ നടപടികൾ നിൽക്കാൽ പോകുന്നില്ലെന്ന് അറിയുന്നതിനാൽ കോൺഗ്രസ് ജുഡിഷ്യറിയെ ആയുധമാക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

പേരുവിവരങ്ങളും മറ്റു വിശദാംശങ്ങളും വെളിപ്പെടുത്താതെ തന്നെ കമ്പനികൾക്കും വ്യക്തികൾക്കും രാഷ്ട്രീയ പാർട്ടികൾക്കു സംഭാവന നൽകാൻ സഹായിക്കുന്ന സംവിധാനമാണ് ഇലക്ടറൽ ബോണ്ട്. സംഭാവന നൽകിയവരുടെ പേരുകളും വിവരങ്ങളുമെല്ലാം രഹസ്യമായി സൂക്ഷിക്കുന്നതായിരുന്നു ഇതിന്റെ രീതി. എന്നാൽ, കഴിഞ്ഞ ഫെബ്രുവരി 15ന് ഇലക്ടറൽ ബോണ്ടുകൾ ഭരണഘടനാ വിരുദ്ധമാണെന്ന് സുപ്രിംകോടതി പ്രഖ്യാപിച്ചു. കേന്ദ്ര സർക്കാരിനും ബിജെപിക്കും കനത്ത തിരിച്ചടിയായിരുന്നു വിധി.

ബോണ്ടുകൾ വാങ്ങിയവരുടെയും ഗുണഭോക്താക്കളുടെയും വിശദമായ വിവരങ്ങൾ പുറത്തുവിടണമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക്(എസ്.ബി.ഐ) കോടതി കർശന നിർദേശവും നൽകി. മാർച്ച് ആറിനകം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനു വിവരങ്ങൾ കൈമാറാനായിരുന്നു നിർദേശം.

എസ്.ബി.ഐ സമയം നീട്ടിച്ചോദിച്ചെങ്കിലും കോടതി വഴങ്ങിയില്ല. കോടതിയുടെ ഉത്തരവ് അനുസരിക്കാത്തതിനു കണക്കറ്റ് ശകാരവും ലഭിച്ചു. ഒടുവിൽ മാർച്ച് 14ഓടെ എസ്.ബി.ഐ വിവരങ്ങൾ പരസ്യമാക്കി തുടങ്ങുകയായിരുന്നു.

'മുഴുവൻ വി.വി പാറ്റ് സ്ലിപ്പും എണ്ണണം'; തെര. കമ്മിഷന് സുപ്രിംകോടതിയുടെ നോട്ടിസ്

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് കമ്മിഷന് നോട്ടിസ് അയച്ച് സുപ്രിംകോടതി. വി.വി പാറ്റ് സ്ലിപ്പുകൾ പൂർണമായും എണ്ണണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹരജിയിലാണു നടപടി. വി.വി പാറ്റ് സ്ലിപ്പുകൾ ബാലറ്റ് ബോക്സിൽ നിക്ഷേപിക്കാനും ഹരജിയിൽ ആവശ്യപ്പെട്ടിരുന്നു. അഭിഭാഷകനായ അരുൺ കുമാർ അഗർവാളാണു കോടതിയെ സമീപിച്ചത്.

ഇ.വി.എം വോട്ടിങ് മെഷീനിൽ പ്രതിപക്ഷം ആരോപണങ്ങളുമായി സജീവമായി രംഗത്തുള്ള ഘട്ടത്തിലാണ് സുപ്രിംകോടതിയുടെ ഇടപെടൽ. വോട്ട് കൃത്യമായി രേഖപ്പെടുത്തി എന്നു സമ്മതിദായകർക്ക് ഉറപ്പാക്കാനായി തെരഞ്ഞെടുപ്പ് കമ്മിഷൻ ഏർപ്പെടുത്തിയ രസീത് സംവിധാനമാണ് വോട്ടർ വെരിഫയബിൾ പേപ്പർ ഓഡിറ്റ് ട്രയൽ അഥവാ വി.വി പാറ്റ്. നിലവിലെ സംവിധാനത്തിൽ ഒരു നിയോജക മണ്ഡലത്തിലെ അഞ്ച് വോട്ടിങ് മെഷിനിലെ വി.വി പാറ്റ് മാത്രമാണ് എണ്ണുന്നത്. ഈ രീതി മാറ്റി മുഴുവൻ സ്ലിപ്പുകളും എണ്ണണമെന്നാണു ഹരജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

മുഴുവൻ സ്ലിപ്പുകളും എണ്ണണമെന്ന് ആവശ്യപ്പെട്ട് നേരത്തെ തെരഞ്ഞെടുപ്പ് കമ്മിഷനെ സമീപിക്കാനിരുന്നതാണെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് പ്രതികരിച്ചു. എന്നാൽ, ഇൻഡ്യ സഖ്യത്തിന്റെ പ്രതിനിധി സംഘത്തെ കാണാൻ കമ്മിഷൻ കൂട്ടാക്കിയിരുന്നില്ല. ഈ വിഷയത്തിൽ കോടതിയുടെ ആദ്യത്തെ ഇടപെടലാണ്. തെരഞ്ഞെടുപ്പിനുമുൻപ് തന്നെ ഇക്കാര്യത്തിൽ നടപടി വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജമ്മു കശ്മീരിൽ ആർട്ടിക്കിൾ 370 നടപ്പാക്കിയതിലൂടെ ജവഹർലാൽ നെഹ്റു തെറ്റ് ചെയ്തു: അമിത് ഷാ

ജോധ്പൂർ: ജമ്മു കശ്മീരിൽ ആർട്ടിക്കിൾ 370 നടപ്പാക്കിയതിലൂടെ കോൺഗ്രസ് നേതാവും മുൻ പ്രധാനമന്ത്രിയുമായ ജവഹർലാൽ നെഹ്റു തെറ്റ് ചെയ്തുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആരോപിച്ചു. തിങ്കളാഴ്ച രാജസ്ഥാനിലെ ജോധ്പൂരിൽ തെരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു അമിത് ഷാ. വിവാദ നിയമം അവസാനിപ്പിച്ച് കശ്മീരിൽ ഇന്ത്യൻ പതാക ഉയർത്തിയതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അദ്ദേഹം അഭിനന്ദിച്ചു.'ബിജെപി ജനങ്ങൾക്ക് നൽകിയ എല്ലാ വാഗ്ദാനങ്ങളും പ്രധാനമന്ത്രി നിറവേറ്റി. മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കശ്മീരിൽ ആർട്ടിക്കിൾ 370 നടപ്പിലാക്കുന്നതിലൂടെ തെറ്റ്

ചെയ്തു. 2019 ഓഗസ്റ്റ് 5 ന് ആർട്ടിക്കിൾ 370 അവസാനിപ്പിച്ച് പ്രധാനമന്ത്രി മോദി കശ്മീരിൽ ഇന്ത്യൻ പതാക ഉയർത്തി' അമിത് ഷാ പറഞ്ഞു.കച്ചത്തീവ് ദ്വീപ് ശ്രീലങ്കയ്ക്ക് കൈമാറാൻ നെഹ്റു ശ്രമിച്ചുവെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ആരോപിച്ച ദിവസമായിരുന്നു അമിത് ഷായുടെ പരാമർശം.

അയോധ്യയിൽ രാമക്ഷേത്ര നിർമ്മിച്ചതിലും പ്രധാനമന്ത്രിയെ അമിത് ഷാ പ്രശംസിച്ചു. പതിറ്റാണ്ടുകളായി രാമക്ഷേത്ര വിഷയം കോൺഗ്രസ് അവഗണിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

കശ്മീരിലെ പ്രശ്നങ്ങൾക്ക് നെഹ്റുവിനെ അമിത് ഷാ കുറ്റപ്പെടുത്തുന്നത് ഇതാദ്യമല്ല.

വരുൺ ബി.ജെ.പി വിടുമോ? മനേക ഗാന്ധിയുടെ പ്രതികരണം

ലഖ്നൗ: പിലിഭിത്തിലെ സിറ്റിങ് എം.പിയും മകനുമായ വരുൺ ഗാന്ധിക്ക് സീറ്റ് നിഷേധിച്ചതിനു പിന്നാലെ വിഷയത്തിൽ മൗനം വെടിഞ്ഞ് ബി.ജെ.പി നേതാവ് മനേക ഗാന്ധി. ഉത്തർപ്രദേശിലെ സുൽത്താൻപൂരിൽ 10 ദിവസത്തെ പ്രചരണത്തിനെത്തിയതായിരുന്നു മനേക.

വരുൺഗാന്ധി ഇനി എന്തു ചെയ്യാൻ പോകുന്നുവെന്ന് അദ്ദേഹത്തിനോട് തന്നെ ചോദിക്കണമെന്നായിരുന്നു അവരുടെ പ്രതികരണം,"ബി.ജെ.പിയിലായിരിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്.മത്സരിക്കാൻ സീറ്റ് നൽകിയതിൽ അമിത് ഷായോടും പ്രധാനമന്ത്രിയോടും നദ്ദയോടും ഞാൻ നന്ദി പറയുന്നു. വളരെ വൈകിയാണ് സ്ഥാനാർഥി പ്രഖ്യാപനം ഉണ്ടായത്. അതിനാൽ മണ്ഡലം സംബന്ധിച്ച് ആശയക്കുഴപ്പം ഉണ്ടായിരുന്നു. പിലിഭിത്ത് അല്ലെങ്കിൽ സുൽത്താൻപൂർ, പാർട്ടിയുടെ തീരുമാനത്തിനോട് ഏറെ നന്ദിയുണ്ട്'. മനേക ഗാന്ധി പറഞ്ഞു."ഞാൻ സുൽത്താൻപൂരിൽ തിരിച്ചെത്തിയതിൽ

എനിക്ക് അതിയായ സന്തോഷമുണ്ട്, കാരണം സുൽത്താൻപൂരിൽ ഒരു എം.പിയും വീണ്ടും അധികാരത്തിൽ വരാത്ത ചരിത്രമാണ് ഈ സ്ഥലത്തിനുള്ളത്," അവർ കൂട്ടിച്ചേർത്തു.സ്ഥാനാർതിഥം പ്രഖ്യാപിച്ചതിനു ശേഷം ആദ്യമായാണ് മനേക സുൽത്താൻപൂർ സന്ദർശിക്കുന്നത്. ജില്ലയിലെ 10 ദിവസത്തെ സന്ദർശനത്തിൽ മുഴുവൻ ലോക്സഭാ മണ്ഡലത്തിലെയും 101 ഗ്രാമങ്ങൾ അവർ സന്ദർശിക്കും.ബി.ജെ.പി സ്ഥാനാർഥി പട്ടികയിൽ നിന്നും ഒഴിവാക്കിയതിനു പിന്നാലെ വരുൺ ഗാന്ധിയെ കോൺഗ്രസിലേക്ക് ക്ഷണിച്ചിരുന്നു. 'വരുൺഗാന്ധി കോൺഗ്രസിൽ ചേരണം. വരുൺ വരുന്നത് സന്തോഷമുള്ള കാര്യമാണ്. വരുൺ നല്ല വിദ്യാഭ്യാസവും പ്രതിച്ഛായയുമുള്ള രാഷ്ട്രീയക്കാരനാണ്. അദ്ദേഹത്തിന് ഗാന്ധി കുടുംബവുമായി ബന്ധമുണ്ട്. ബി.ജെ.പി അദ്ദേഹത്തിന് ടിക്കറ്റ് നൽകാത്തതിന് കാരണം ഇതാണ് എന്നായിരുന്നു മുതിർന്ന കോൺഗ്രസ് നേതാവ് അധിർ രഞ്ജൻ ചൗധരിയുടെ പ്രതികരണം.ഒരുകാലത്ത് ബി.ജെ.പിയുടെ യുവനേതാക്കളിൽ പ്രധാനിയായിരുന്നു വരുൺ. കേന്ദ്രത്തിനെതിരെയും യുപി സർക്കാരിനെതിരെയും നിരന്തരം വിമർശനമുയർത്തിയതോടെയാണ് വരുൺ ബി.ജെ.പിയുടെ കണ്ണിലെ കരടാകുന്നത്. ലംഖിപൂരിലെ കർഷക കൂട്ടക്കൊലയെ വരുൺ പരസ്യമായി വിമർശിച്ചിരുന്നു. ഇതിന് പിന്നാലെ ബി.ജെ.പി ദേശീയ നിർവാഹക സമിതിയിൽ നിന്നും വരുണിനെയും മനേകയെയും ഒഴിവാക്കിയിരുന്നു.പിലിഭിത്തിൽ നിന്നും 2009-ലാണ് വരുൺ ആദ്യമായി ലോക്സഭയിലെത്തുന്നത്. 2014-ൽ വീണ്ടും മേനക ഗാന്ധി മത്സരിച്ചു ജയിച്ചെങ്കിലും 2019-ൽ ബി.ജെ.പി. വരുണിനെ മത്സരിപ്പിച്ചു. 2.55 ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വരുൺ ലോക്സഭയിൽ എത്തിയത്.

ബി.ജെ.പിയുമായി സഖ്യം; ആർ.എൽ.ഡിയിൽ നിന്ന് ഷാഹിദ് സിദ്ദിഖി രാജിവെച്ചു

ഡൽഹി: ബിജെപിയുമായി സഖ്യമുണ്ടാക്കിയതിന് പിന്നാലെ രാഷ്ട്രീയ ലോക്ദളിന്റെ ദേശീയ ഉപാധ്യക്ഷൻ ഷാഹിദ് സിദ്ദിഖി പാർട്ടിയിൽ നിന്ന് രാജി വെച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ബിജെപിയിൽ ചേരാനുള്ള ആർ.എൽ.ഡി ദേശീയ ചെയർമാൻ ജയന്ത് ചൗധരിയുടെ തീരുമാനത്തിൽ പ്രതിഷേധിച്ചാണ് സിദ്ദിഖിയുടെ രാജി.

'ഇന്നലെ ഞാൻ എന്റെ രാജിക്കത്ത് ദേശീയ അധ്യക്ഷൻ ജയന്ത് സിംഗിന് അയച്ചു' ഷാഹിദ് സിദ്ദിഖി എക്സിൽ കുറിച്ചു.

തന്റെ രാജിക്കത്തിന്റെ ഉള്ളടക്കവും സിദ്ദിഖി സോഷ്യൽ മീഡിയയിൽ പങ്കുവെച്ചിരുന്നു.

'ഇന്ന് ഇന്ത്യയുടെ ഭരണഘടനയും ജനാധിപത്യ രീതിയുമെല്ലാം അപകടത്തിലാണ്. ഇതിനെതിരെ മിണ്ടാതിരിക്കുന്നത് തെറ്റാണ്. ഞാൻ ജയന്ത് ജിയോട് നന്ദിയുള്ളവനാണ്, എങ്കിലും ആർ.എൽ.ഡിയിൽ നിന്ന് രാജിവെക്കാൻ ഞാൻ നിർബന്ധിതനാകുകയാണ്' അദ്ദേഹം കൂട്ടിച്ചേർത്തു.

മാസങ്ങൾ നീണ്ട അഭ്യൂഹങ്ങൾക്ക് ശേഷമാണ് ജയന്ത് ചൗധരി എൻ.ഡി.എയിൽ ചേരുന്നത്. അദ്ദേഹത്തിന്റെ മുത്തച്ഛനും മുൻ പ്രധാനമന്ത്രിയുമായ ചൗധരി ചരൺ സിങിന് മരണാനന്തര ബഹുമതിയായ ഭാരത രത്ന നൽകിയതിന് പിന്നാലെയാണ് ജയന്തിന്റെ കൂറുമാറ്റം. വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഉത്തർപ്രദേശിലെ രണ്ട് സീറ്റുകളിലെ സ്ഥാനാർത്ഥികളെ ആർ.എൽ.ഡി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. 2014ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസുമായി സഖ്യമുണ്ടാക്കി മത്സരിച്ച ആർ.എൽ.ഡി 2019ൽ സമാജ്വാദി പാർട്ടി, ബഹുജൻ സമാജ് പാർട്ടി എന്നിവരുമായി സഖ്യമുണ്ടാക്കി മത്സരിക്കുകയായിരുന്നു.

'ആർ.എൽ.ഡി എൻ.ഡി.എയുടെ ഭാഗമാകുന്നത് എന്നെ പ്രതിസന്ധിയിലാക്കി. ഞാൻ ഒരുപ്പാട് ശ്രമിച്ചെങ്കിലും ബി.ജെ.പിയുമായി ചേർന്ന് മുന്നോട്ട് പോകാൻ എനിക്ക് കഴിയുന്നില്ല' സിദ്ദിഖി പറഞ്ഞു.

ആർ.എൽ.ഡിയെ ഉൾപ്പെടുത്തിയു.പിയിൽ ശക്തമായ മുന്നണിക്കാണ് ബി.ജെ.പി നേതൃത്വം നൽകുന്നത്.

ബി.ജെ.പി എം.പി അജയ് നിഷാദ് കോൺഗ്രസിൽ

ഡൽഹി: ബീഹാറിൽ നിന്നുള്ള ബി.ജെ.പി എം.പി അജയ് നിഷാദ് കോൺഗ്രസിൽ ചേർന്നു. മുസാഫിർപുരിൽ നിന്നുള്ള എം.പിയാണ് നിഷാദ്. ബി.ജെ.പി സീറ്റ് നിഷേധിച്ചതിനെ തുടർന്നാണ് രാജി. എ.ഐ.സി.സി ആസ്ഥാനത്തത്തിയാണ് നിഷാദ് പാർട്ടി അംഗത്വം സ്വീകരിച്ചത്.

രാഹുൽ ഗാന്ധിയുമായി നടത്തിയ ചർച്ചകൾ വിജയകരമായിരുന്നു. അതിനാലാണ് താൻ പാർട്ടി അംഗത്വം സ്വീകരിച്ചതെന്നാണ് അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചത്.

'കോൺഗ്രസിന്റെ പ്രത്യയശാസ്ത്രം എന്റെ പ്രത്യയശാസ്ത്രവുമായി യോജിച്ച് പോകുന്നതാണ്. അതുകൊണ്ട് തന്നെയാണ് ഈ പ്രത്യയശാസ്ത്രത്തോട് ചേർന്ന് നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഈ തെരഞ്ഞെടുപ്പിൽ വലിയ വിജയം നേടി ഇൻഡ്യാ മുന്നണി അധികാരത്തിൽ വരുമെന്ന ആത്മവിശ്വാസം എനിക്കുണ്ട്' അദ്ദേഹം പറഞ്ഞു.

ഭർത്താവിന്റെ സഹോദര പുത്രിയെ 'വിവാഹം കഴിച്ച്' പീഡനം; യുവതി അറസ്റ്റിൽ

ഭോപ്പാൽ: ഭർത്താവിന്റെ സഹോദര പുത്രിയെ തട്ടിക്കൊണ്ടുപോയി ലൈംഗികമായി ചൂഷണം ചെയ്ത കേസിൽ യുവതി അറസ്റ്റിൽ. മധ്യപ്രദേശിലെ ഛാർഗോണിലാണു സംഭവം. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ 24കാരി ദിവസങ്ങളോളം തട്ടിക്കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിച്ചെന്നാണ് കേസ്.

കഴിഞ്ഞ ഫെബ്രുവരി 27നാണ് 16കാരിയെ യുവതി തട്ടിക്കൊണ്ടുപോയത്. കുടുംബത്തിന്റെ പരാതിയിൽ നടത്തിയ അന്വേഷണത്തിൽ ഇവരെ ബറൂഡ് പൊലീസ് സ്റ്റേഷൻ ഇൻ ചാർജ് റിതേഷ് യാദവിന്റെ നേതൃത്വത്തിലുള്ള സംഘം കണ്ടെത്തിയിരുന്നു. ഇതിനു പിന്നാലെയാണു ലൈംഗികമായി ചൂഷണം ചെയ്തന്ന വെളിപ്പെടുത്തലുണ്ടായത്.

ഒരു വർഷമുൻപായിരുന്നു മധ്യപ്രദേശിലെ ഉമർഖാലി സ്വദേശിയുമായി യുവതിയുടെ വിവാഹം. ഏതാനും മാസങ്ങൾക്കുമുൻപ് ഭർതൃസഹോദര പുത്രിയുമായി ശാരീരികബന്ധം ആരംഭിക്കുകയും ചെയ്തതായി പൊലീസ് പറഞ്ഞു. തങ്ങൾ ലെസ്ബിയൻ പങ്കാളികളാണെന്നാണ് യുവതി പൊലീസിനോട് അവകാശപ്പെട്ടത്. ധംനോഡ്, ഇൻഡോർ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കൊണ്ടുപോയി പെൺകുട്ടിയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടു. ഭർത്താവും ഭാര്യയും പോലെയാണ് ഇവർ കഴിഞ്ഞിരുന്നതെന്നും പൊ

മുംബൈയെ മടയിൽ തന്നെ പൂട്ടി രാജസ്ഥാൻ

ഹൈദരബാദിനെ തോൽപ്പിച്ച് ഒന്നാം സ്ഥാനത്ത് ലീഡ് വർധിപ്പിച്ച് മുംബൈ സിറ്റി

ഇന്ത്യൻ സൂപ്പർ ലീഗിൽ ഒന്നാം സ്ഥാനത്തുള്ള ലീഡ് വർദ്ധിപ്പിച്ച് മുംബൈ സിറ്റി. ഇന്ന് ഹൈദരാബാദ് എഫ്സിയെ നേരിട്ട മുംബൈ സിറ്റി എതിരില്ലാത്ത മൂന്നു ഗോളുകൾക്കാണ് വിജയിച്ചത്. ആദ്യ 32 മിനിറ്റിൽ തന്നെ മുംബൈ രണ്ടു ഗോളുകൾക്ക് മുന്നിലെത്തിയിരുന്നു. പതിനെട്ടാം മിനിറ്റിൽ ചാങ് തെയാണ് മുംബൈ സിറ്റിക്ക് ലീഡ് നൽകിയത്. വിക്രം പ്രതാപിന്റെ അസിസ്റ്റിൽ നിന്നായിരുന്നു ഈ ഗോൾ.പിന്നീട് 32ആം മിനിറ്റിൽ മെഹ്താബ് സിങ് മുംബൈയുടെ ലീഡ് ഇരട്ടിയാക്കി. രണ്ടാം പകുതിയിൽ അവസാനം പെരേര ഡിയസ് കൂടെ ഗോൾ നേടിയതോടെ മുംബൈ സിറ്റിയുടെ വിജയം പൂർത്തിയായി. ഒരു പെനാൽറ്റിയിൽ നിന്നായിരുന്നു ഡിയസിന്റെ ഗോൾ. ഈ വിജയത്തോടെ 20 മത്സരങ്ങളിൽ നിന്നും 44 പോയിന്റുമായി അവർ ലീഗിൽ ഒന്നാമത് നിൽക്കുകയാണ് മുംബൈ സിറ്റി. ഹൈദരാബാദ് 20 മത്സരങ്ങൾ മത്സരങ്ങളിൽ നിന്ന് എട്ടു പോയി അവസാന സ്ഥാനത്താണുള്ളത്.

ബ്ലാസ്റ്റേഴ്സിന് തിരിച്ചടി, ജസ്റ്റിൻ ഈ സീസണിൽ ഇനി കളിക്കില്ല

കേരള ബ്ലാസ്റ്റേഴ്സിന് വീണ്ടും തിരിച്ചടി. അവരുടെ ഒരു വിദേശ താരം കൂടി പരിക്കേറ്റു പുറത്തായിരിക്കുകയാണ്. ഇമ്മാനുവൽ ജസ്റ്റിൻ ആണ് പരിക്കേറ്റ് പുറത്തായിരിക്കുന്നത്. കഴിഞ്ഞ മത്സരത്തിനിടയിൽ പരിക്കേറ്റ ജസ്റ്റിനെ സബ് ചെയ്തിരുന്നു. നാളെ നടക്കുന്ന ഈസ്റ്റ് ബംഗാളിന് എതിരാറ്റ മത്സരത്തിലും താരം ഇണ്ടാകില്ല എന്ന് പരിശീലകൻ അറിയിച്ചു.

ജസ്റ്റിൻ രണ്ടാഴ്ചയോളം പുറത്തിരിക്കും എന്നാണ് ഇവാൻ വുകമാനോവിച്ച് പറഞ്ഞത്. കഴിഞ്ഞ മത്സരത്തിൽ ജംഷഡ്പൂരിനെതിരെ ഒരു അസിസ്റ്റ് നൽകാൻ ജസ്റ്റിന് ആയിരുന്നു. അതിനുശേഷമാണ് ജസ്റ്റിൻ പരിക്കേറ്റു പുറത്തു പോയത്. ജസ്റ്റിൻ ഇനി ഈ സീസണിൽ കളിക്കാനുള്ള സാധ്യത വളരെ കുറവാണ്. നേരത്തെ കാമെ പെപ്രയ്ക്ക് പരിക്കേറ്റപ്പോഴായിരുന്നു ലോണിലായിരുന്ന ജസ്റ്റിനെ കേരള ബ്ലാസ്റ്റേഴ്സ് തിരികെ വിളിച്ചത്. അതുവരെ ഗോകുലം കേരളയിലായിരുന്നു ജസ്റ്റിൻ കളിച്ചുകൊണ്ടിരുന്നത്.

മുംബൈ: ഐപിഎല്ലിൽ ആദ്യ ഹോം മത്സരത്തിനിറങ്ങിയ മുംബൈ ഇന്ത്യൻസിനെ ഹോം ഗ്രൗണ്ടിൽ തളച്ച് സഞ്ജു സാംസണിന്റെ രാജസ്ഥാൻ റോയൽസ് പോയന്റ് പട്ടികയിൽ ഒന്നാമത്. മൂന്ന് കളികളിൽ മൂന്നും ജയിച്ച രാജസ്ഥാൻ പോയന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തേക്ക് കയറിയപ്പോൾ കളിച്ച മൂന്ന് കളിയും തോറ്റ മുംബൈ അവസാന സ്ഥാനത്താണ്. ആദ്യം ബാറ്റ് ചെയ്ത മുംബൈ ഉയർത്തിയ 126 റൺസ് വിജയലക്ഷ്യം 54 റൺസുമായി പുറത്താകാതെ നിന്ന റിയാൻ പരാഗിന്റെ ബാറ്റിംഗ് മികവിലാണ് രാജസ്ഥാൻ അനായാസം മറികടന്നത്.

ക്യാപ്റ്റൻ സഞ്ജു സാംസണും ജോഷ് ബട്ലറും യശസ്വി ജയ്സ്വാളും ബാറ്റിംഗിൽ നിരാശപ്പെടുത്തിയെങ്കിലും പരാഗിന്റെ മികവ് ഒരിക്കൽ കൂടി രാജസ്ഥാന് വിജയം സമ്മാനിച്ചു. മുംബൈക്കായി ആകാശ് മധ്വാൾ മൂന്ന് വിക്കറ്റെടുത്തു. സ്കോർ മുംബൈ ഇന്ത്യൻസ് 20 ഓവറിൽ 125-9, രാജസ്ഥാൻ റോയൽസ് ഓവറിൽ 15.3 ഓവറിൽ 127-4.

ചെറിയ ലക്ഷ്യത്തിലേക്ക് ബാറ്റ് വീശിയ രാജസ്ഥാന് സ്കോർ ബോർഡിൽ 48 റൺസെത്തിയപ്പോഴേക്കും യശസ്വിയെയും(10) സഞ്ജുവിനെയും(12) ബട്ലറെയും(13) നഷ്ടമായെങ്കിലും ആദ്യം അശ്വിനൊപ്പവും(16) പിന്നീട് ശുഭം ദുബെക്കൊപ്പവും(8) ചെറി കൂട്ടുകെട്ടുകളിലൂടെ പരാഗ് രാജസ്ഥാനെ ലക്ഷ്യത്തിലെത്തിച്ചു. പതിനാറാം ഓവറിൽ ജെറാൾഡ് കോയെറ്റ്സിയെ തുടർച്ചയായി സിക്സിന് പറത്തി 38 പന്തിൽ അർധസെഞ്ചുറിയിലെത്തിയ പരാഗ് അടുത്ത പന്ത് ബൗണ്ടറി കടത്തി27 പന്ത് ബാക്കി നിർത്തി നാലു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി.

ബാറ്റിംഗിലും ബൗളിംഗിലും ഫീൽഡിംഗിലും ക്യാപ്റ്റൻസിയിലുമെല്ലാം മുംബൈയെ വാരിക്കളയുന്ന പ്രകടനത്തോടെയാണ് രാജസ്ഥാൻ ലക്ഷ്യത്തിലെത്തിയത്. ഹോം ഗ്രൗണ്ടിലും തോൽവി അറിഞ്ഞതോടെ ക്യാപ്റ്റൻ ഹാർദ്ദിക് പാണ്ഡ്യ കൂടുതൽ സമ്മർദ്ദത്തിലാവും.

നേരത്തെ ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്ത മുംബൈക്ക് 20 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 125 റൺസെടുക്കാനെ കഴിഞ്ഞുള്ളു.34 റൺസെടുത്ത ക്യാപ്റ്റൻ ഹാർദ്ദിക് പാണ്ഡ്യയാണ് മുംബൈയുടെ ടോപ് സ്കോറർ. മൂന്ന് വിക്കറ്റ് വീതമെടുത്ത ട്രെൻറ് ബോൾട്ടും യുസ്‌വേന്ദ്ര ചാഹലും ചേർന്നാണ് മുംബൈയെ എറിഞ്ഞിട്ടത്.

ട്രെൻറ് ബോൾട്ടെറിഞ്ഞ ആദ്യ ഓവറിൽ തന്നെ രോഹിത് ശർമയെയും(0)നമൻ ധിറിനെയും(0) തുടർച്ചയായ പന്തുകളിൽ നഷ്ടമായ മുംബൈക്ക് പിന്നീട് കരകയറാനായില്ല. തൻറെ അടുത്ത ഓവറിൽ ഡെവാൾഡ് ബ്രെവിസിനെക്കൂടി(0) ഗോൾഡൻ ഡക്കാക്കിയ ബോൾട്ട് മുംബൈയുടെ ബോൾട്ടുറിപിന്നാലെ പ്രതീക്ഷ നൽകിയ ഇഷാൻ കിഷനെ(16) അസാധ്യമായൊരു പന്തിൽ നാന്ദ്രെ ബർഗർ വിക്കറ്റിന് പിന്നിൽ സഞ്ജുവിൻറെ കൈകളിലെത്തിച്ചു. ഇതോടെ 20-4ലേക്ക് വീണ മുംബൈക്ക് ക്യാപ്റ്റൻ ഹാർദ്ദിക് പാണ്ഡ്യയുടെയും തിലക് വർമയുടെയും പ്രത്യാക്രമണം നേരിയ പ്രതീക്ഷ നൽകിയെങ്കിലും പത്താം ഓവറിൽ 75 റൺസിലെത്തിയ മുംബൈ മാന്യമായ സ്കോറിലേക്ക് നീങ്ങുമെന്ന് കരുതിയിരിക്കെ ക്യാപ്റ്റൻറെ അമിതാവേശം വിനയായി.

ചാഹലിനെ സിക്സിന് പറത്താനുള്ള ഹാർദ്ദിക്കിനെ(21 പന്തിൽ 34) റെഡ്മാൻ പവൽ ഓടിപ്പിടിച്ചു. പിന്നീട് ക്രീസിലെത്തിയത് പിയൂഷ് ചൗളയായിരുന്നു. ചൗളയെ(3) ആവേശ് ഖാൻറെ പന്തിൽ ഷിമ്രോൺ ഹെറ്റ്മെയർ പറന്നു പിടിച്ചപ്പോൾ പിടിച്ചു നിൽക്കാൻ നോക്കിയ തിലക് വർമയെ(29 പന്തിൽ 32) അശ്വിൻ പറന്നുപിടിച്ചു.

അവസാന ഓവറുകളിൽ അടിച്ചു തകർക്കുമെന്ന് കരുതിയ ടിം ഡേവിഡും(24 പന്തിൽ 17) നനഞ്ഞ പടക്കമായതോടെ മുംബൈ സ്കോർ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 125 റൺസിൽ അവസാനിച്ചു.

കേരള ക്രിക്കറ്റ് ടീം മുൻ നായകൻ പി രവിയച്ചൻ അന്തരിച്ചു

കൊച്ചി: കേരള ക്രിക്കറ്റ് ടീം മുൻ നായകൻ പി രവിയച്ചൻ അന്തരിച്ചു. 96 വയസ്സായിരുന്നു. കേരളം ആദ്യമായി രഞ്ജി ട്രോഫി മത്സരം വിജയിച്ചപ്പോൾ ടീമിലെ അംഗമായിരുന്നു. ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിൽ ആയിരം റൺസും നൂറുവിക്കറ്റും നേടിയ ആദ്യ മലയാളിയാണ്.

1952 മുതൽ 17 വർഷം രവിയച്ചൻ രഞ്ജി ട്രോഫി കളിച്ചു. 55 ഫസ്റ്റ് ക്ളാസ് മത്സരങ്ങളിൽ നിന്ന് നേടിയ 1107 റൺസും 125 വിക്കറ്റുമായി സംസ്ഥാനത്തെ ആദ്യത്തെ യഥാർത്ഥ ഓൾറൗണ്ടർ ക്രിക്കറ്റർ എന്ന പദവിയും സ്വന്തമാക്കി. രണ്ടു തവണ കേരള ടീമിന്റെ ക്യാപ്റ്റനായിരുന്നു.

തൃപ്പൂണിത്തുറ ക്രിക്കറ്റ് ക്ളബ് ആയിരുന്നു രവിയച്ചന്റെ തട്ടകം. തൃപ്പൂണിത്തുറ കോവിലകത്ത് അനിയൻ തമ്പുരാന്റെയും എറണാകുളം ചേന്ദമംഗലത്ത് പാലിയം തറവാട്ടിൽ കൊച്ചുകുട്ടി കുഞ്ഞമ്മയുടെയും മകനായി പാലിയത്ത് 1928-ലാണ് ജനനം. തൃശൂർ സെൻറ് തോമസ് കോളജിലെ ഇൻറർമീഡിയറ്റിനു ശേഷം അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടി.

കഥകളി കേന്ദ്രം, പൂർണ്ണത്രയീശ സംഗീത സഭ, പൂർണ്ണത്രയീശ സേവാ സംഘം, തൃപ്പൂണിത്തുറ ക്രിക്കറ്റ് ക്ലബ്ബ് എന്നീ സംഘടനകളുടെ അധ്യക്ഷ സ്ഥാനം വഹിച്ചിട്ടുണ്ട്. ആർഎസ്എസ് ജില്ലാ സംഘ ചാലക്, ബാലഗോകുലം സംസ്ഥാന വൈസ് പ്രസിഡന്റ്, വിശ്വഹിന്ദു പരിഷത്ത് ജില്ലാ പ്രസിഡന്റ്, കുരുക്ഷേത്ര പ്രകാശൻ ട്രസ്റ്റ് മാനേജിങ് ഡയറക്ടർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഇന്ന് ഓട്ടിസം അവബോധ ദിനം. അറിവ് വേണ്ടത് നമുക്കാണ്.!

തയാറാക്കിയത്:
Dr Smilu Mohanlal Consultant - Pediatric Neurology Aster Mims Kozhikode

ലോക വ്യാപകമായി ഏപ്രിൽ 2 ഓട്ടിസം അവബോധ ദിനമായി ആചരിച്ചുവരുന്നു. കുട്ടികളുടെ വളർച്ചയുമായി ബന്ധപെട്ടു നാം കേൾക്കുന്ന വാക്കാണ് ഓട്ടിസം അഥവാ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ (ASD). സാമൂഹികമായ മുന്നേറ്റക്കുറവ്, രീതികളിൽ ഉണ്ടാകുന്ന ആവർത്തനം, ആശയവിനിമയത്തിലും സംസാരിക്കുന്നതിലും കുറവ്/ താമസം എന്നിവയുമായുള്ള ബന്ധപ്പെട്ട വിവിധ അവസ്ഥകളെ സൂചിപ്പിക്കുന്നതിന്നാണ് ഈ വാക്ക് ഉപയോഗിക്കുന്നത്.

ജനിതക സാഹചര്യങ്ങൾ മൂലം തലച്ചോറിലുണ്ടാകുന്ന ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡർ ആണ് ഓട്ടിസം. തലച്ചോറിലെ മിറർ ന്യൂറോൺസ് (mirror neurons) എന്ന കോശങ്ങളുടെ പ്രവർത്തന തകരാർ മൂലമാണ് പലപ്പോഴും ഇത് ഉണ്ടാകുന്നത്.

ഓട്ടിസം എങ്ങനെ നേരത്തെ മനസ്സിലാക്കാം?

പ്രധാനമായും മൂന്നു കാര്യങ്ങളിലൂടെ കുട്ടികളിലെ ഓട്ടിസത്തെ തിരിച്ചറിയാം. ഒന്നാമതായി ആശയ വിനിമയത്തിൽ ഉണ്ടാകുന്ന താമസം (language delay). അതായത് കുട്ടി വാക്കുകൾ ഉപയോഗിക്കുന്നതിനും സംസാരിക്കുന്നതിലും കാലതാമസം നേരിടുക. കുട്ടിയുടെ പേര് വിളിച്ചാലും ശ്രദ്ധിക്കാതിരിക്കുക, മുഖഭാവങ്ങളിൽ യാതൊരുവിധ മാറ്റവും ഉണ്ടാകാതിരിക്കുക എന്നിവയാണ്.

രണ്ടാമതായി സാമൂഹിക വളർച്ചാ ഘട്ടങ്ങളിൽ ഉണ്ടാകുന്ന താമസം (delay in oscial milestones) അതായത് മറ്റുള്ള കുട്ടികളുമായോ മുതിർന്നവരുമായോ ഇടപഴകുന്നതിന് വിമുഖത കാണിക്കുകയും എപ്പോഴും ഒറ്റയ്ക്ക് സമയം ചെലവഴിക്കുന്നതിനും കളിക്കുന്നതിനും താത്പര്യം കാണിക്കുകയും ചെയ്യുക. ദിനചര്യയിലെ ചെറിയ മാറ്റങ്ങളിൽ പോലും വളരെ അസ്വസ്ഥരാക്കുക, വെളിച്ചം, ശബ്ദം, വസ്ത്രം, കാലാവസ്ഥ എന്നിവയോട് കൂടുതൽ സെൻസിറ്റീവ് ആയിരിക്കുക എന്നിവയാണവ .

അടുത്തതായി മിക്ക കുട്ടികളും കാണുന്ന ഒരു ലക്ഷണമാണ് അവർ ചെയ്യുന്ന പ്രവർത്തികൾ ആവർത്തിച്ച് ചെയ്തുകൊണ്ടിരിക്കുക എന്നുള്ളത് (repetitive behaviours). ഉദാഹരണത്തിന് കളിപ്പാട്ടങ്ങൾ ഒരേ രീതിയിൽ അടക്കിവെക്കുന്നത് പോലെയുള്ള പ്രവർത്തികൾ ആവർത്തിച്ച് ചെയ്തുകൊണ്ടിരിക്കുക. വസ്തുക്കൾ നിരനിരയായി അടുക്കി വെക്കുക മുതലായവ. ഓട്ടിസം തിരിച്ചറിയുന്നതിനായി ഒരു പ്രത്യേക പരിശോധന മാർഗം ഇല്ലാത്തതിനാൽ ഈ കാര്യങ്ങളിലൂടെ ഒരു നിഗമനത്തിലേക്ക് നാം എത്തിച്ചേരുകയാണ് ചെയ്യുന്നത്.

എന്തുകൊണ്ടാണ് ഓട്ടിസം ഉണ്ടാവുന്നത്?

തലച്ചോറിനെ ബാധിക്കുന്ന എല്ലാ രോഗങ്ങളും ഓട്ടിസത്തിന് കാരണമാവാം, എന്നാൽ കണ്ടുപിടിക്കാൻ പറ്റാത്ത (idiopathic) കാരണങ്ങളാണ് സാധാരണയായി ഉണ്ടാകുന്നത്. എന്നിരുന്നാലും, ഗർഭാവസ്ഥയിലെ പോഷകാഹാരക്കുറവ്, മാതാപിതാക്കളുടെ പ്രായം, ഗർഭ സമയത്തുണ്ടാകുന്ന അണുബാധകൾ, ചില മരുന്നുകളുടെ ഉപയോഗം, മുതലായവ ഇതിൽ ചിലതാണ്. എന്നാൽ എന്തുകൊണ്ടാണ് ഇത് സംഭവിച്ചത് എന്നത് പലപ്പോഴും കണ്ടുപിടിക്കാൻ സാധിക്കില്ല.

ഓട്ടിസത്തിന്റെ ചികിത്സാ രീതി.

ഓട്ടസത്തിന്റെ ചികിത്സാ രീതികളെ പ്രധാനമായി രണ്ടായി വേർതിരിക്കാം. ഒന്നാമതായി ഓട്ടിസം ബാധിച്ച കുട്ടികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക ട്രെയിനിങ്ങുകൾ നൽകുക. ഓട്ടിസം നേരത്തേ തിരിച്ചറിയുകയും സൈക്കോളജിക്കൽ ആയുള്ള ടെസ്റ്റുകളിലൂടെ ബുദ്ധിവളർച്ചയുടെ തലങ്ങളെ അറിയുകയും അവരുടെ കഴിവുകളെയും കുറവുകളെയും തിരിച്ചറിയുകയും, കഴിവുകളെ തിരിച്ചറിഞ്ഞ് വീട്ടിൽ വച്ചുതന്നെ നൽകാവുന്ന ചികിത്സകൾ (Home based behavioural Therapy) ഒരുക്കുക എന്നതാണ്.

ഇതിന് ട്രെയിനിങ് ലഭിക്കുന്നതിനായി നല്ല സെന്ററുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിചരണം നൽകുന്നതിനായി പ്രത്യേക ടീം തന്നെ നിലവിലുണ്ടാവും. അതിൽ പീഡിയാട്രിക് ന്യൂറോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് ബിഹേവിയറൽ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ് എന്നിവരുൾപ്പെടുന്ന ടീം ഉണ്ടാവും. എല്ലാവരും ചേർന്ന് ട്രീറ്റ്മെൻറ് പ്ലാൻ ഉണ്ടാക്കിയതിനുശേഷം ആണ് ട്രെയിനിങ് ആരംഭിക്കുക.

രണ്ടാമതായി അനുബന്ധ ന്യൂറോളജിക്കൽ പ്രശ്നം ഉണ്ടെങ്കിൽ (autistic spectrum diosrder) അതിന് ആവശ്യമായ ചികിത്സയും തേടേണ്ടതുണ്ട്. ഓരോ കുട്ടികളെയും ബാധിക്കുന്ന രോഗത്തിൻറെ അവസ്ഥ വ്യത്യാസപ്പെട്ടിരിക്കുന്നു, അതുകൊണ്ടുതന്നെ അവർക്ക് ലഭിക്കേണ്ട ചികിത്സയും വ്യത്യാസപ്പെട്ടിരിക്കുന്നു. ചിലർ ചെറിയ പിന്തുണകൊണ്ട് തന്നെ വലിയ മാറ്റങ്ങൾ വരുത്തുന്നതിനു സാധിക്കുമ്പോൾ, മറ്റു ചിലർക്ക് എല്ലാ സപ്പോർട്ടും നൽകിക്കൊണ്ടുതന്നെ ചികിത്സ മുന്നോട്ടു പോകേണ്ടതുണ്ട്. ഉദാഹരണത്തിന് ഓട്ടിസത്തോടൊപ്പം അപസ്മാര രോഗവും (പലപ്പോഴും ചെറിയ രീതിയിലുള്ള അപസ്മാര ബാധ ആയിരിക്കാം - കണ്ണുകളുടെ ചലനം, ഞെട്ടൽ പോലെയുള്ളവ) ഉള്ള കുട്ടികൾക്ക് ഈ ഈ ജി പോലുള്ള പരിശോധനകൾ ചെയ്ത് ചികിത്സ നടത്തേണ്ടതാണ്.

ഓട്ടിസം ബാധയുള്ള ഓരോ കുട്ടിക്കും പേഴ്സണലൈസെഡ് അതായത് വ്യക്തിഗത പരിചരണം നൽകേണ്ടത് വളരെ അത്യാവശ്യമാണ്. അവരുടെ സ്വന്തം കാര്യങ്ങൾ അവരവർ തന്നെ ചെയ്യത്തക്ക രീതിയിൽ അവരെ പരിശീലിപ്പിച്ചെടുക്കുക എന്നതാണ് ഏറ്റവും പ്രധാനം അർഹിക്കുന്നത്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് എല്ലാവർക്കും ബുദ്ധി വളർച്ച കുറവാണ് എന്ന് വിചാരിക്കരുത്. നമ്മൾ തിരിച്ചറിയുന്ന, അവരിൽ ഉറങ്ങിക്കിടക്കുന്ന കഴിവിനെ പുറത്തെടുത്താൽ ഒരുപക്ഷേ സാധാരണ കുട്ടികൾ ചചെയ്യുന്നതിൽ ഉപരിയായി മികവുറ്റ രീതിയിൽ പ്രതിഭ തെളിയിക്കാവുന്നതുമാണ്.

ചുരുക്കി പറഞ്ഞാൽ ഓട്ടിസം ബാധിതർക്ക് നൽകേണ്ട പിന്തുണ അവരുടെ ജീവിത കാലം മുഴുവൻ നീണ്ടുനിൽക്കുന്നതായതിനാൽ, അവരെ പരിശീലിപ്പിക്കുന്ന സെൻറർ തിരഞ്ഞെടുക്കുന്നതിലും ഏറ്റവും അധികം നിഷ്കർഷത പുലർത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഏറ്റവും ക്ഷമയോടെയും ദീർഘകാല അടിസ്ഥാനത്തിലുമുള്ളതുമായ ഒരു പദ്ധതി തയ്യാറാക്കി വേണം അവരുടെ ചികിത്സ ആരംഭിക്കാൻ.

സാമൂഹിക കഴിവുകൾക്കുള്ള പരിശീലനം: ഇത് ഗ്രൂപ്പുകളായി നടത്തുകയും ഓട്ടിസം ബാധിച്ച കുട്ടികളെ സാമൂഹിക സാഹചര്യങ്ങളിലൂടെ സഞ്ചരിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നു. ഓട്ടിസം ചികിത്സയിൽ രക്ഷിതാക്കൾക്കുള്ള പരിശീലനമാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. ഓട്ടിസത്തെക്കുറിച്ച് എല്ലാം പഠിക്കുക, സ്ഥിരമായ ഒരു ഷെഡ്യൂളും ദിനചര്യയും ഉണ്ടാക്കുക, നിങ്ങളുടെ കുട്ടിയുടെ ഭാഷ മനസ്സിലാക്കുകയും ബുദ്ദിമുട്ടുകൾ ഒഴിവാക്കാൻ ശ്രമിക്കുകയും ചെയ്യുക.

അവരെ കൈയിലെടുക്കാൻ എല്ലായിപ്പോഴും പോസിറ്റീവ് തന്ത്രങ്ങൾ പ്രയോഗിക്കുക. മനസ്സിലാക്കുക, നിങ്ങൾ ഒറ്റക്കല്ല നിങ്ങളെപ്പോലെയോ അതിലും ബുദ്ദിമുട്ടേറിയതോ ആയ മാതാപിതാക്കൾ ഉണ്ട്, അവരുടെ സഹായം തേടുകയും, ആവശ്യമെങ്കിൽ പ്രൊഫഷണൽ സഹായം തേടുകയും ചെയ്യുക.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.